അതിനൊരു പ്രോപ്പർ കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ നമ്മൾ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ടല്ലേ ഒരു മരുന്നുകൊണ്ട് ഒരു വിഭാഗത്തിൽപ്പെട്ട ആളുകൾ പോകുമ്പോൾ ഈ മരുന്ന് ശരിയല്ല എന്ന് പറഞ്ഞ് മറുമരുന്നുകൊണ്ട് മറ്റൊരു വിഭാഗത്തിൽപ്പെട്ടവർ മെഡിക്കൽ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രൊഫഷണൽ ഈഗോയിസം ധാരാളമുള്ള ഒരു മേഖലയാണെന്ന് അങ്ങേക്കും അറിയാമല്ലോ. ഈഗോയിസം കുറച്ച് കൊണ്ടുവന്ന് ഇതിനെ കോ-ഓർഡിനേറ്റ് ചെയ്യത്തക്ക വിധത്തിലുള്ള എന്ത് പ്രായോഗിക നിർദ്ദേശമാണ് നമ്മുടെ ഈ ബില്ലിനകത്തുള്ളത് എന്ന് പരിശോധിക്കണം.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 12.30 മുതൽ ധനവിനിയോഗ ബിൽ ചർച്ചയ്ക്കെടുക്കുകയാണ്. അതിനുശേഷം ചർച്ച തുടരാം.

(ചർച്ച തുടരും)

VII ധനകാര്യം

2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരനടപടികളും

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഡോ. തോമസ് ഐസക് : സർ, ഞാൻ 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ചർച്ച ആരംഭിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സാമ്പത്തിക രംഗത്ത് ഒരു ബദൽ നയം അവതരിപ്പിച്ചുകൊണ്ടാണ് എല്ലാ ജനവിഭാഗങ്ങളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റേയും ധനവകുപ്പിന്റേയും നേട്ടമായി കാണാൻ കഴിയുന്നത്. വികസന പ്രവർത്തനങ്ങൾക്ക് പണം ഒരു തടസ്സമല്ലെന്ന് തെളിയിച്ച കാലഘട്ടമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടം. വരുമാനം വർദ്ധിപ്പിച്ച് പരിമിതികൾ മറികടന്നുകൊണ്ട് കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ കുടിശ്ശികയിട്ട് പോയ പാവങ്ങളുടെ പെൻഷനും ജീവനക്കാരുടെ ക്ഷാമബത്ത അടക്കമുള്ള ആനുകൂല്യങ്ങളും നിർമ്മാണ പ്രവർത്തനങ്ങളുടെ ബില്ലുകളുടെ കുടിശ്ശികയുമെല്ലാം തീർക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ സ്വീകരിച്ചത്. യു.ഡി.എഫ്. ഭരണത്തിൽ ട്രഷറി നിയന്ത്രണം ഒരു തുടർക്കഥയായിരുന്നു. ഇരുന്നൂറും മുന്നൂറും ദിവസങ്ങൾ സർക്കാർ ഓവർഡ്രാഫ്റ്റിലും അഡ്വാൻസിലും ആയിരുന്നു. 2008-ലും 2009-ലും ഒരു ദിവസംപോലും ഓവർഡ്രാഫ്റ്റ് വന്നിട്ടില്ല. 2009-10-ൽ റിക്കാർഡ് ചെലവാണ്. 5,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്താകെത്തന്നെ നടന്നുകൊണ്ടിരിക്കുന്നത്. ഇന്നലെ പലരും ചോദിച്ചല്ലോ, എന്ത് നടന്നു എന്ന്. കക്ഷി രാഷ്ട്രീയത്തിനതീതമായി പുതിയ ധനമാനേജ്മെന്റിന്റെ ഗുണം കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും കാണാം. ഇപ്പോൾത്തന്നെ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധനമാനേജ്മെന്റിന്റെ ഫലമായി അതാത് മണ്ഡലങ്ങളിൽ യു.ഡി.എഫ്. എം.എൽ.എ.-മാരടക്കം നടത്തിയ വികസന പ്രവർത്തനങ്ങൾ അവതരിപ്പിച്ചുകൊണ്ട് ടി.വി. ചാനലുകളിൽ ഏറ്റവും നല്ല എം.എൽ.എ.-യെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുകയാണ്. ഈ കഴിഞ്ഞ നാല് നാലര വർഷക്കാലമായി ഡോ. തോമസ് ഐസക്കിന്റെ തെളിമയാർന്നിട്ടുള്ള ധനനയത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള ഫണ്ടുപയോഗിച്ച് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾതന്നെയാണ് ഇവർ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ കാലങ്ങളിലെ എല്ലാത്തരം കുടിശ്ശികയും കൊടുത്തുതീർക്കുവാൻ കഴിഞ്ഞു. മൂലധനച്ചെലവ് സർവ്വകാല റിക്കാർഡ് ആയിട്ടും ട്രഷറി തുറന്നു പ്രവർത്തിക്കുന്ന ഒരു അന്തരീക്ഷം നിലനിൽക്കുകയാണ്. 2009-10-ലെ പദ്ധതി ചെലവ് 95 ശതമാനമാണ്. എൽ.ഡി.എഫ്.-ന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ് വരുമാന വർദ്ധനവ് ഉണ്ടായത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ റവന്യു കമ്മി 3.3 ശതമാനമായിരുന്നത് 2009-10-ൽ 1.9 ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞു. പതിമൂന്നാം ധനകാര്യ കമ്മീഷൻ തീർപ്പ് സംസ്ഥാനത്തിന് ദോഷകരമായി വരുന്ന സ്ഥിതിയാണുള്ളത്. സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതം 2.6 ശതമാനം ആയിരുന്നത് ധനക്കമ്മീഷന്റെ തീർപ്പ് പ്രകാരം 2.3 ശതമാനമായി കുറയ്ക്കുകയാണ്. 13-ാം ധനക്കമ്മീഷന്റെ കാലഘട്ടത്തിൽ കേരളത്തിന് ഏതാണ്ട് 5,000 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ പ്രതികൂല അവസ്ഥയിലും റവന്യു കമ്മി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കമ്മി പൂജ്യമാവണമെങ്കിൽ ശമ്പള പരിഷ്കരണ ചെലവുകളും പെൻഷൻ ചെലവുകളും സാമൂഹ്യക്ഷേമ ചെലവുകളും വേണ്ടന്നുവയ്ക്കുന്ന സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആ നടപടിക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തയ്യാറാവുന്നില്ല. കാരണം റവന്യു കമ്മി ഇല്ലാതാക്കുന്നതിന്റെ ഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കണമെന്ന നയത്തോട് ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ മുന്നണിക്ക് യോജിക്കാൻ കഴിയില്ല. മൂലധനച്ചെലവുകൾക്ക് കടം വാങ്ങാനേ പാടില്ല എന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കടം വാങ്ങുന്ന പണം വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തണമെന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. 2004-05-ൽ 4.4 ശതമാനമാണ് ധനക്കമ്മി. 2010-11-ൽ ബഡ്ജറ്റ് കണക്കുപ്രകാരം ഏതാണ്ട് 3.49 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധി 3.50 ശതമാനമാണ്. കടം വാങ്ങാതെ പണം മൂലധനച്ചെലവുകൾക്ക് മുടക്കുന്നുണ്ടെന്നുള്ളത് പ്രസക്തമായ കാര്യമാണ്. 2004-05-ലെ കണക്ക് പരിശോധിച്ചു നോക്കിയാൽ 682 കോടി രൂപ മാത്രമായിരുന്ന മൂലധനച്ചെലവ് 2010-11-ൽ 4145 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. ഇത് സർവ്വകാല റിക്കാർഡാണ്. ആ നിലയിൽ ഏത് രംഗം നോക്കിയാലും വലിയ മാറ്റമുണ്ടാക്കിയെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ നാല്-നാരേമുക്കാൽ വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

വിവിധ കടാശ്വാസ പദ്ധതികൾക്കുവേണ്ടി 500 കോടി രൂപ കൊടുത്തു. അവർ ചോദിച്ചു ഇവിടെ എന്ത് നടന്നുവെന്ന്. പെൻഷൻ 110 രൂപയിൽ നിന്നും 300 രൂപയാക്കി മാറ്റുന്നതിനുവേണ്ടി ഏതാണ്ട് 300 കോടി രൂപ മുടക്കി. രണ്ടു രൂപയ്ക്ക് അരി കൊടുക്കാൻ 500 കോടി രൂപ ചെലവഴിക്കേണ്ടി വന്നു. കുടിയേറ്റ തൊഴിലാളികൾ, ലോട്ടറി വിൽപ്പനക്കാർ, കൂക്കാ തൊഴിലാളികൾ, ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾ, പരമ്പരാഗത വ്യവസായ മേഖല തുടങ്ങി എല്ലാ വിഭാഗം ജനങ്ങൾക്കും എല്ലാ നിലയിലുള്ള സഹായവും ഇരട്ടിയാക്കിയെടുക്കുന്ന സമീപനം സ്വീകരിച്ചു.

പൊതുമേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഏറ്റവും ശക്തമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ കേരളത്തിലെ നാല് പൊതുമേഖലാ സ്ഥാപനങ്ങളൊഴികെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാണ്. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുകയാണ്. ഇവിടെ നടക്കുന്ന ചർച്ചകൾ തെരഞ്ഞെടുപ്പ് ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്ന വേദിയായി മാറിയിരിക്കുകയാണ്. കഴിഞ്ഞ നാരേമുക്കാൽ വർഷക്കാലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിമാർക്കെതിരെ ഒരു ആക്ഷേപവും ആരോപണവും ഉന്നയിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. മൂന്നാല് മാസം കഴിയുമ്പോൾ കേരളത്തിലൊരു തെരഞ്ഞെടുപ്പ് നടത്താൻ പോകുകയാണ്. കഴിഞ്ഞ കാലങ്ങളിലൊന്നുംതന്നെ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടാതെ, വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ നേരിടുന്നതിനായി പലപ്പോഴും അപ്പുറത്തുനിന്ന് പലതും പറയാറുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. എ. കെ. ആന്റണിയും കേരളത്തിലെ മുഖ്യമന്ത്രിമാരായിരുന്ന കാലഘട്ടത്തിൽ ആക്ഷേപങ്ങളുടേയും ആരോപണങ്ങളുടേയും കോടതി ഇടപെടലിന്റേയും ഒക്കെ അടിസ്ഥാനത്തിൽ എത്ര മന്ത്രിമാർ മാറിയ സാഹചര്യം ഉണ്ടായി. ഇന്നലെ ഈ സഭയിൽ ഞങ്ങൾക്കെല്ലാം മാതൃകയും ഈ സഭയിലെ ആരാധ്യനുമായ ശ്രീ. ആര്യാടൻ മുഹമ്മദ്, ഏതാണ്ട് 80,000 കോടി രൂപയുടെ ആക്ഷേപമാണ് സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ഇന്ന് പത്രങ്ങൾ വായിച്ചപ്പോൾ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് വളരെ താൽപര്യമായിട്ടാണ് തോന്നിയിട്ടുള്ളത്. അദ്ദേഹത്തെ പോലെയുള്ള ആൾക്കാർ അത് ഉന്നയിക്കാൻ പാടില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : ശ്രീ. ആര്യാടൻ മുഹമ്മദ് സഭയിൽ ഉന്നയിച്ച 80,000 കോടി രൂപയുടെ അഴിമതി ഡോ. തോമസ് ഐസക് നടത്തിയെന്നല്ല പറഞ്ഞത്. കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അയച്ച കത്തിൽ കഴിഞ്ഞ നാല് വർഷക്കാലം കൊണ്ട് ലോട്ടറി ഇടപാടിൽ 80,000 കോടി രൂപയുടെ തിരിമറി നടത്തിയിട്ടുണ്ടെന്നുള്ള ആരോപണം മുഖ്യമന്ത്രി ഉന്നയിച്ചിരിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് അല്ല ഉന്നയിച്ചത്. അത് മനസ്സിലാക്കണം. നിങ്ങൾ ആദ്യം മുഖ്യമന്ത്രിയെ ബോധ്യപ്പെടുത്തണം.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങനെ തിരുത്തിയാൽ നല്ല കാര്യം. അങ്ങനെ രേഖയിൽ തിരുത്തട്ടെ. ഇന്നലെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് ഡോ. തോമസ് ഐസക്കിന്റെ കീശയിലിട്ടിരിക്കുന്നുവെന്നാണ് പറഞ്ഞത്. അത് തിരുത്തണമെന്നാണ് പറയുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലുള്ളൊരു വ്യക്തി ആ നിലയിലുള്ള ഒരു ആരോപണം ഉന്നയിക്കുന്നത് ശരിയല്ല. ശ്രീ. വി. ഡി. സതീശൻ അങ്ങ് ഇതുസംബന്ധിച്ച് ഒരുപാട് പഠനം നടത്തിയിട്ടുള്ള ആളാണല്ലോ. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ അയ്യായിരം കോടി രൂപയുടെ ടാക്സ് അടയ്ക്കണമെന്ന് ലോട്ടറി മാഫിയകളോട് യു.ഡി.എഫ്. ഗവൺമെന്റ് തന്നെ ആവശ്യം ഉന്നയിച്ചിരുന്നു. എന്നാൽ അവർ കോടതിയിൽപ്പോയി. ആ അവസരത്തിൽ കോടതി ഒരു സ്റ്റേയും കൊടുത്തിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇന്നലെ സഭയിൽ പറഞ്ഞത് എന്താണ് ? കോടതി സ്റ്റേ കൊടുത്തിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ടാക്സ് പിരിച്ചില്ല. കോടതി സ്റ്റേ കൊടുത്തില്ല. കോടതി പറഞ്ഞതെന്താണെന്നുവച്ചാൽ ടാക്സ് കമ്മീഷണർ കാര്യങ്ങൾ തീരുമാനിക്കട്ടെയെന്നാണ്. അതനുസരിച്ച് ടാക്സ് കമ്മീഷണർ രണ്ട് നിർദ്ദേശങ്ങൾ വച്ചിരുന്നു. നറുക്കെടുപ്പ് സമയത്ത് ഒന്നുകിൽ ഇരുപതിനായിരം രൂപ, അല്ലെങ്കിൽ നറുക്കെടുപ്പ് സമയത്ത് സമ്മാനത്തുക മാറ്റിവച്ച ശേഷം എട്ട് ശതമാനം ഗവൺമെന്റ് അടയ്ക്കണമെന്ന് പറഞ്ഞു. ടാക്സ് കമ്മീഷണർ പറഞ്ഞ ഈ രണ്ട് നിർദ്ദേശം അനുസരിച്ച് ഒരു പൈസയെങ്കിലും പിരിച്ചെടുക്കുന്നതിനുവേണ്ടി യു.ഡി.എഫ്.-ന്റെ കാലത്ത് ശ്രീ. ഉമ്മൻചാണ്ടിക്ക് കഴിഞ്ഞിട്ടില്ല. ആദ്യത്തെ നിർദ്ദേശം പോകട്ടെ. എട്ട് ശതമാനം തുക എന്ന് പറയുന്നത് ഏതാണ്ട് 1600 കോടിയോളം രൂപയുടെ നഷ്ടമാണ് കേരള ഗവൺമെന്റിന് വന്നിരിക്കുന്നത്. ഈ 1600 കോടി രൂപ എങ്ങോട്ട് പോയി.? കോടതിയുടെ സ്റ്റേ ഇല്ലാത്ത, ടാക്സ് കമ്മീഷണർ നിർദ്ദേശം കൊടുത്തിട്ടും പിരിച്ചെടുക്കാതെ ഏതാണ്ട് 1600 കോടി രൂപ അപ്പുറത്തിരിക്കുന്ന ഏതെങ്കിലും ഒരു നേതാവിന്റെ കീശയിലോട്ട് പോയി എന്ന് ആരോപണം ഉന്നയിച്ചാൽ അത് നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുമോ ? ഇവിടെ കേസുകളുടെ കാര്യം പറഞ്ഞല്ലോ. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലാണ് 544 കേസെടുത്തത്. സാധാരണഗതിയിൽ കേസ്സെടുത്താൽ കേസ്സിന് നടപടി ക്രമങ്ങളുണ്ടാകണം. കേസ്സെടുക്കാൻ പാടില്ലെന്ന് സുപ്രീം കോടതി പറഞ്ഞതിനു ശേഷവും വീണ്ടും 14 കേസ്സുകളെടുത്തു. വീണ്ടും കോർട്ടലക്ഷ്യം വന്നു. സുപ്രീം കോടതിയിൽ കേസ്സ് വന്നു. അത് നിർത്തിവച്ചു. 558 കേസ്സുകൾ ഗവൺമെന്റ് സ്വീകരിച്ചശേഷം ഈ കേസ്സുകളാകെതന്നെ കോടതിയിൽ നിന്ന് പിൻവലിക്കുന്ന സാഹചര്യമുണ്ടായി. കേസ്സുകൾ പിൻവലിക്കാൻ പാടില്ലെന്ന് അന്നത്തെ ഡി. ജി. പി.-യായിട്ടുള്ള ശ്രീ. രമൺ ശ്രീവാസ്തവ പറഞ്ഞ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടാണ് 558 കേസ്സുകൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ പിൻവലിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : യെസ്...ശ്രീ. വി. ശിവൻകുട്ടി...

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ പറയുന്നത് ഈ കേസ് പിൻവലിച്ചവരും ധനകാര്യ വകുപ്പുമന്ത്രിയായ കോൺഗ്രസ്സ് നേതാവിന്റെ മകനും.....(തടസ്സം)....പ്രതിയായിട്ടുള്ള 558 കേസ്സുകൾ പിൻവലിച്ചതിൽ ലക്ഷക്കണക്കിന് രൂപയുടെ അഴിമതിയുണ്ടെന്നു പറഞ്ഞാൽ ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? .....(തടസ്സം)..... അതുകൊണ്ട് ഈ വക കാര്യങ്ങളൊക്കെത്തന്നെ കേരളത്തിലെ ജനങ്ങൾക്ക് അറിയാം. .....(തടസ്സം)..... ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന്റെ കുറ്റമറ്റതും കേരളം ശ്രദ്ധിക്കപ്പെടുന്നതും ഇന്ത്യയുടെ പ്രധാനമന്ത്രിയും ഇന്ത്യയുടെ ധനകാര്യ വകുപ്പുമന്ത്രിയുമടക്കം പ്രശംസിച്ചിട്ടുള്ള പ്രവർത്തനശൈലി.....(തടസ്സം).... ജനങ്ങൾക്ക് നല്ലതുപോലെ അറിയാം നിങ്ങളുന്നയിക്കുന്ന ആരോപണങ്ങൾക്ക് യാതൊരു കഴമ്പുമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ധനം പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെ കോടിക്കണക്കിന് രൂപ ലാപ്സാക്കി നമ്മുടെ സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഈ ധനവിനിയോഗ ബില്ലിന്റെ ചർച്ച ഇവിടെ നടക്കുന്നത്. വളരെ ചുരുങ്ങിയ സമയമേ ഉള്ളൂ എന്നതുകൊണ്ട് ഒരു വിഷയത്തിൽ മാത്രം ഒതുങ്ങുകയാണ്. കഴിഞ്ഞ പത്ത് മുപ്പത് വർഷത്തോളമായി കാസർഗോഡ് ജില്ലയിലെ പത്ത് പതിമൂന്ന് പഞ്ചായത്തുകളിലും കേരളത്തിലെ മറ്റ് ചില പഞ്ചായത്തുകളിലും വിഷം വർഷിച്ചതുകാരണം നിരവധി ആളുകളുടെ ജീവൻ നഷ്ടപ്പെടുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ ദുരിതം ഗവൺമെന്റ് ഗൗരവമായി കണക്കിലെടുത്തിരുന്നില്ല. നിരവധി ആളുകൾ ജീവിച്ചിരിക്കുന്നുവെങ്കിലും മരിച്ചതിന് തുല്യമായ നരകയാതനയാണ് അനുഭവിക്കുന്നത്. നിരവധി ആളുകൾ വികലാംഗരായി കഷ്ടപ്പെടുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ തളിച്ചതുകാരണം ജനങ്ങൾക്കുണ്ടായ പ്രയാസവും ബുദ്ധിമുട്ടും ശരിക്ക് കണക്കിലെടുത്തില്ല. ഇപ്പോൾ തെരഞ്ഞെടുപ്പ് അടുത്തപ്പോൾ അത്യാവശ്യമായ ചില പദ്ധതികൾ പ്രഖ്യാപിച്ചുവെങ്കിലും എത്രത്തോളം അത് നടപ്പിലാക്കാൻ കഴിയുമെന്നത് സംബന്ധിച്ച് നമുക്ക് ആലോചിക്കേണ്ടതുണ്ട്. എൻഡോസൾഫാൻ പൂർണ്ണമായി നിരോധിക്കണം. അതിനായി ഈ സർക്കാരിന്റെ പദ്ധതികൾ പൂർണ്ണമായും സമയബന്ധിതമായും നടപ്പാക്കണം. മരിച്ച ആളുകളുടെ ആശ്രിതർക്ക് മുഴുവനായി സാമ്പത്തികസഹായം നൽകിയിട്ടില്ല. അതേ അവസരത്തിൽ മറ്റ് എന്തെങ്കിലും ദുരന്തമുണ്ടാകുമ്പോൾ 10 ലക്ഷത്തിൽ കൂടുതൽ തുക ക്യാബിനറ്റ് തീരുമാനിച്ച് സഹായം എത്തിക്കുന്നുണ്ട്. പക്ഷേ ഇത്ര വലിയൊരു മാരകമായ വിഷം അവിടെ വർഷിച്ച് മരണപ്പെട്ടവരുടെ കുടുംബത്തിലെ ആശ്രിതർക്ക് ഗവൺമെന്റ് ആകെ നൽകിയത് 50,000 രൂപ വീതമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഭാഗികമായിട്ടാണ് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് 5 ലക്ഷത്തിൽ കുറയാത്ത തുക അടിയന്തിരമായും മരിച്ചവരുടെ ആശ്രിതർക്ക് എത്തിക്കാനുള്ള നടപടിയുണ്ടാകണം. ഇപ്പോൾ കേന്ദ്രഗവൺമെന്റിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് ഒരു സഹായമഭ്യർത്ഥിക്കുമ്പോൾ അതുസംബന്ധിച്ച് ഒരു വ്യക്തമായ പദ്ധതിക്ക് രൂപം നൽകണം. ഇതുസംബന്ധിച്ച് ഭാഗീകമായ സർവ്വേ നടത്തിയതല്ലാതെ പൂർണ്ണമായ സർവ്വേ സർക്കാർ നടത്തിയിട്ടില്ല. ഒരു പദ്ധതിക്ക് രൂപം നൽകുമ്പോൾ യഥാർത്ഥത്തിൽ മരിച്ചവരുടെ കണക്ക്, പരിക്കേറ്റവരുടെ കണക്ക് അങ്ങനെ വിശദമായ സർവ്വേ നടത്തിക്കൊണ്ടായിരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, കാസർഗോഡ് ദുരന്തം വിതച്ച എൻഡോസൾഫാനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. എൻഡോസൾഫാനുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ വന്നപ്പോൾ ആ കോടതിയിൽ പ്ലാന്റേഷൻ കോർപ്പറേഷനാണ് പ്രതിസ്ഥാനത്ത് നിൽക്കുന്നത്. ഇതിൽ എരിയൽ സ്പ്രേ നടത്തിയതാണ് പ്ലാന്റേഷൻ കോർപ്പറേഷൻ. ആ പ്ലാന്റേഷൻ കോർപ്പറേഷനുവേണ്ടി കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത് ഇതിനു മുമ്പ് എൻഡോസൾഫാൻ കമ്പനിക്കുവേണ്ടി ഹാജരായ അതേ വക്കീൽ തന്നെയായിരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, അതെ. അത് എല്ലാവരുടേയും ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ ഇതിനെ സംബന്ധിച്ചിടത്തോളം സർക്കാർ ഈ കാര്യത്തിൽ ഒരു ഉറച്ച തീരുമാനമെടുക്കാതെ കള്ളക്കളിയാണ് നടത്തുന്നത്. ഈ പ്ലാന്റേഷൻ കോർപ്പറേഷനും ഇതിന് ഉത്തരവാദിയാണ്. സാമ്പത്തിക സഹായം നൽകുന്നതടക്കം പ്ലാന്റേഷൻ കോർപ്പറേഷന് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ സർക്കാർ സത്യവാങ്മൂലം നൽകിയത് ഈ ജനവിഭാഗത്തോട് കാണിച്ച ഏറ്റവും വലിയ ദ്രോഹമാണ്. ഇപ്പോൾ നടന്നിട്ടുള്ള സർവ്വേഭാഗീകമാണ്. അടിയന്തരമായും ഈ മേഖലയിൽ വിശദമായ ഒരു സർവ്വേ നടത്താൻ നടപടി സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട ആളുകളുമായി ചർച്ച നടത്തി വളരെ നല്ല ഒരു പദ്ധതിക്ക് രൂപം നൽകിക്കൊണ്ട് ദുരിതമനുഭവിക്കുന്നവർക്ക് സാമ്പത്തികസഹായവും പുനരധിവസിപ്പിക്കുന്നതടക്കം ആവശ്യമായ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കണം. അല്ലാതെ കേന്ദ്ര സർക്കാരിനോട് ആയിരം കോടി രൂപ വേണം, നൂറ് കോടി രൂപവേണം എന്ന് ആവശ്യപ്പെടുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ്...

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, രണ്ട് മിനിട്ട് കൂടി വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല ശ്രീ. സി. ടി. അഹമ്മദ് അലി 3 ബില്ലുകളുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഈ കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ ഇവിടത്തെ കക്ഷിനേതാക്കളുടെയെല്ലാം സഹകരണത്തോടെ പദ്ധതിക്ക് രൂപം നൽകിക്കൊണ്ട് നൂറ് കോടി രൂപ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

200 കോടി രൂപയെന്ന് ആദ്യം സർക്കാർ പ്രഖ്യാപിക്കണം. പദ്ധതിക്ക് രൂപം നൽകിയശേഷം പദ്ധതിയുടെ ഇരുപത്തഞ്ചോ, അൻപതോ ശതമാനം സംസ്ഥാന സർക്കാർ വഹിക്കും, കേന്ദ്രസർക്കാർ പദ്ധതിയുടെ ഇത്ര വിഹിതം എന്ന് തീരുമാനിക്കണം. അങ്ങനെ ആവശ്യപ്പെടാതെ നൂറ് കോടി അല്ലെങ്കിൽ 200 കോടി രൂപ എന്ന് ആവശ്യപ്പെടുന്നതുകൊണ്ട് ഒരിക്കലും കേന്ദ്രത്തിൽ നിന്ന് സഹായം ലഭിക്കാൻ പോകുന്നില്ല.

ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തുടങ്ങണം. ഒരു ട്രൈബ്യൂണൽ സ്ഥാപിക്കണം. അതുപോലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകണം. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തണം. പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കാവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ സർക്കാർ അടിയന്തരമായും നടപടി സ്വീകരിക്കണം. സർക്കാർ ഇന്ന് നൽകി വരുന്ന സഹായം വളരെ അപര്യാപ്തമാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾക്ക് ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവയ്ക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഇ. എസ്. ബിജിമോൾ: ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിന്റെ ധനസ്ഥിതിയിൽ മൗലികമായ ഒരു മാറ്റം കൊണ്ടുവരാൻ കഴിഞ്ഞ ഒരു ധനമന്ത്രിയാണ് ഡോ. തോമസ് ഐസക്. കേരളത്തിന്റെ ചരിത്രത്തിൽതന്നെ ധനസ്ഥിതിയിൽ ആദ്യമായി മൗലികമായ മാറ്റം കൊണ്ടുവരാൻ കഴിഞ്ഞ ഒരു ധനമന്ത്രി എന്ന സ്ഥാനം ഡോ. തോമസ് ഐസക്കിന് കിട്ടി എന്നുള്ളതാണ് ഏറ്റവും പ്രസക്തം. ഈ ഗവൺമെന്റ് പിൻതുടരുന്ന നയം അതിലേറെ പ്രസക്തമാണ്. റവന്യു കമ്മി ഇല്ലാതാക്കുവാൻ വേണ്ടി ജനങ്ങളിൽ അതിന്റെ ഭാരം അടിച്ചേൽപ്പിക്കുന്ന നയമല്ല ഈ ഗവൺമെന്റിന്റേത്. സാമൂഹ്യക്ഷേമ ചെലവുകൾ വേണ്ടെന്ന് വച്ച് റവന്യു കമ്മി ഇല്ലാതാക്കാൻ ഈ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. ചെലവുകൾ വെട്ടിച്ചുരുക്കി ധനസ്ഥിതി പിടിച്ചുനിർത്തുന്ന രീതിയും ഈ ഗവൺമെന്റിനില്ല. മറിച്ച് ധനച്ചോർച്ച തടയുക, ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുക, വരുമാനം വർദ്ധിപ്പിക്കുക, എന്നീ കാര്യങ്ങൾക്കാണ് ഗവൺമെന്റ് മുൻഗണന നൽകുന്നത്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റവന്യു കമ്മി 3.3 ആയിരുന്നത് 2009-10 ആയപ്പോൾ 1.9 ആയി കുറയ്ക്കാൻ കഴിഞ്ഞു. 2010-11 ൽ 1.4 ആയി കുറയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 13-ാം ധനകാര്യ കമ്മീഷന്റെ തീർപ്പ് പ്രകാരം നമുക്ക് ലഭിച്ചിരുന്ന കേന്ദ്ര നികുതി വിഹിതം 2.6-ൽ നിന്ന് 2.3 ആയി കുറച്ചില്ലായിരുന്നുവെങ്കിൽ 2010-11-ൽ ധനകാര്യ മന്ത്രി എന്ന നിലയിൽ ഡോ. തോമസ് ഐസക് ഈ സഭയിൽ പ്രഖ്യാപിച്ച റവന്യു കമ്മി സീറോ പെർസന്റേജിലേക്ക് എത്തിക്കാൻ കഴിയുമായിരുന്നു. ഈ പറയുന്ന 3 ശതമാനം നഷ്ടം കേന്ദ്ര നികുതിയിൽ നമുക്കുണ്ടാകുമ്പോൾ ഏതാണ്ട് 5000 കോടി രൂപയുടെ നഷ്ടമാണ് കേരള സംസ്ഥാനത്തുണ്ടാകുന്നത്.

മൂലധന ചെലവുകൾക്ക് കടം വാങ്ങാൻ പാടില്ല എന്ന നിലപാട് ഈ സർക്കാരിനില്ല. കടം നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്നതും താങ്ങാൻ കഴിയുന്നതുമായിരിക്കണം. മൂലധന ചെലവുകളിലുണ്ടായ വളർച്ച സർക്കാരിന്റെ മികച്ച ധനമാനേജ്മെന്റിനുള്ള ഉദാഹരണമാണ്. 2004-05-ൽ 682 കോടി രൂപ ആയിരുന്നത് 2010-11-ൽ 4145 കോടി രൂപയായി വർദ്ധിച്ചു. ഇത് സർവ്വകാല റെക്കോർഡാണ്. ചെലവിന്റെ ഗുണം ഏറ്റവും അധികം പ്രതിഫലിക്കുന്നത് മൂലധന ചെലവിലാണ്. കടവും പലിശയും കുറയുന്നു എന്നത് ഇത്തരുണത്തിൽ ഏറെ ശ്രദ്ധേയമാണ്. മരാമത്ത് പണികളുടെ ബിൽ യഥാസമയത്ത് കൊടുത്തതിലൂടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിരക്കുകൾ താഴ്ത്തി കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇത്രയധികം മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവച്ച ധനമന്ത്രിയെ വ്യക്തിപരമായും ധനമന്ത്രി എന്ന രൂപത്തിലും വളരെ ബോധപൂർവ്വമായി കഥകൾ ചമച്ച് ആക്രമിക്കുന്നതിനുവേണ്ടിയാണ് പലപ്പോഴും പ്രതിപക്ഷം ശ്രമിക്കുന്നത്.

നമ്മുടെ രാജ്യം ചർച്ച ചെയ്യുന്ന ഏറ്റവും ഗൗരവപൂർവ്വമായ പ്രശ്നങ്ങളാണ് വിലക്കയറ്റവും അഴിമതിയും. വിലക്കയറ്റം കൊണ്ട് രാജ്യത്ത് ഇന്ന് ജനങ്ങൾ പൊറുതിമുട്ടി നിൽക്കുന്ന സാഹചര്യമാണ്. പെട്രോളിയം ഉത്പന്നങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നു. അത് നിയന്ത്രണ വിധേയമാക്കുവാൻ ഇൻഡ്യാ രാജ്യം ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റിനോ ഡോ. മൻമോഹൻ സിംഗിനോ കോൺഗ്രസിന് നേതൃത്വം കൊടുക്കുന്ന ശ്രീമതി സോണിയാ ഗാന്ധിക്കോ കഴിയുന്നില്ല എന്നുള്ളത് കോൺഗ്രസ്സിന്റെ പരാജയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പരാജയമാണ്. എല്ലാത്തരത്തിലും പരാജയമായി മാറിയിരിക്കുന്ന കേന്ദ്ര ഗവൺമെന്റിന് ഏറ്റവും കുറഞ്ഞത് സവോളയുടെയും ഉള്ളിയുടെയും വിലയെങ്കിലും ഒന്ന് നിയന്ത്രിക്കാൻ കഴിയണമായിരുന്നു.

നമ്മുടെ രാജ്യത്തുണ്ടാക്കുന്ന നയങ്ങൾ നമുക്ക് തന്നെ തിരിച്ചടിയാകുന്നതിനുപകരം ചെറുതോ വലുതോ ആകട്ടെ ആ നയങ്ങൾ നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിനും ഭാവിക്കും പുരോഗതിക്കും ആവശ്യമാണെന്നുള്ളതുകൊണ്ട് വളരെ ജാഗ്രതയോടുകൂടിയ നയരൂപീകരണം ഉണ്ടാകണം. ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. എ. എ. അസീസ്</u> : സർ, കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ജനക്ഷേമകരമായ എല്ലാ പ്രവർത്തനങ്ങളെയും അപകീർത്തിപ്പെടുത്തുന്ന നിലയിലുള്ള പ്രചരണങ്ങളാണ് യു.ഡി.എഫ്-ന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. യു.ഡി.എഫ് അഞ്ച് കൊല്ലക്കാലം ഭരിച്ചപ്പോൾ നിരോധിക്കാൻ കഴിയാതിരുന്ന അന്യസംസ്ഥാന ലോട്ടറി ഈ ഗവൺമെന്റ് നിരോധിച്ചപ്പോൾ അതിനെ കുറ്റപ്പെടുത്തിക്കൊണ്ട് അഴിമതി ആരോപണവുമായിട്ടാണ് അവർ രംഗത്തുവന്നിരിക്കുന്നത്. ഏതെല്ലാം തരത്തിൽ ഈ ഗവൺമെന്റിന്റെ സൽപ്പേരിനെ കളങ്കപ്പെടുത്താൻ കഴിയുമോ ആ തരത്തിലെല്ലാം അവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിയാണ് ഇതെല്ലാം ചെയ്യുന്നതെന്ന യാഥാർത്ഥ്യം ജനങ്ങൾക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ നാലരക്കൊല്ലമായി അധികാരത്തിലിരിക്കുന്ന കേരള ഗവൺമെന്റ് ഇൻഡ്യയ്ക്ക് ആകെ മാതൃകയായിട്ടാണ് കർഷക കടാശ്വാസ കമ്മീഷനും തുടർന്നതൊഴിലാളി കടാശ്വാസ കമ്മീഷനും രൂപീകരിച്ചത്. മറ്റൊരു സംസ്ഥാനത്തും അത്തരത്തിൽ ഉണ്ടായിട്ടില്ല. കർഷക ആത്മഹത്യ ഇന്ന് കേരളത്തിലില്ല. ഇൻഡ്യൻ പാർലമെന്റിൽ നൽകിയ കണക്കനുസരിച്ച് ഒന്നരലക്ഷം കർഷകരാണ് കഴിഞ്ഞ കൊല്ലം വിവിധ സംസ്ഥാനങ്ങളിലായി ആത്മഹത്യ ചെയ്തത് എന്നാണ് ഇന്നത്തെ മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്ത. കേരളത്തിൽ ഈ ഗവൺമെന്റ് വരുമ്പോൾ കർഷക ആത്മഹത്യയുടെ പരമ്പരയായിരുന്നു. ഈ ഗവൺമെന്റ് കർഷകനെ സഹായിക്കാൻ സ്വീകരിച്ച നടപടികളുടെ ഫലമായി ഇന്ന് കർഷകർ ആത്മഹത്യ ചെയ്യുന്നില്ല. ഇൻഡ്യയ്ക്കാകെ മാതൃകയായി കർഷകന് പലിശരഹിത വായ്പ ഏർപ്പെടുത്തിയ സംസ്ഥാനം കേരളമാണ്. അങ്ങനെ എല്ലാക്കാര്യത്തിലും മാതൃകയാക്കിയിട്ടുള്ള ഈ ഗവൺമെന്റിന്റെ സൽപ്പേരിനെയാണ് ഇന്ന് യു.ഡി.എഫ്. കുറ്റപ്പെടുത്തുന്നത്.

വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മാവേലി സ്റ്റോറിലൂടെയും നീതി സ്റ്റോറിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു കൊണ്ട് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി. തിരുവോണത്തിനും ക്രിസ്തുമസ്സിനും ബക്രീദിനും ഒക്കെ ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ച ഒരു ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. അതുകൊണ്ടുതന്നെയാണ് എല്ലാക്കാര്യങ്ങൾക്കും മാതൃകയെന്ന നിലയിൽ കേരള ഗവൺമെന്റിനെ ഇൻഡ്യയിലെ ഏറ്റവും നല്ല ഗവൺമെന്റായി ഇൻഡ്യാ ടുഡേ എന്നു പറയുന്ന മാധ്യമം കണ്ടുപിടിച്ചത്. അവർ നടത്തിയ സർവ്വേയിൽ ഇൻഡ്യയ്ക്ക് ഏറ്റവും നല്ല സംഭാവന ചെയ്ത ഗവൺമെന്റ് കേരളത്തിലെ ഗവൺമെന്റാണെന്ന് വ്യക്തമായി. ഓരോ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന കേരളത്തിലെ മന്ത്രിമാരെ പ്രത്യേകം വിളിച്ച് ആദരിക്കുകയാണ് ചെയ്തത്. പക്ഷേ അതൊന്നുംതന്നെ യു.ഡി.എഫ്.-ന്റെ ആളുകൾക്ക് ഇഷ്ടപ്പെടുന്നില്ല. അവസാനം എന്താണ് സംഭവിച്ചത്. ഇങ്ങനെയങ്ങ് കേരളത്തിലെ മന്ത്രിമാരെ വിളിച്ച് ആദരിക്കുന്നത് ശരിയല്ല എന്ന് പരസ്യമായിട്ടല്ലെങ്കിലും രഹസ്യമായി ശ്രീമാൻ വയലാർ രവി ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞതായിട്ടാണ് ദൃശ്യ മാധ്യമങ്ങളിലും പത്ര മാധ്യമങ്ങളിലും വാർത്ത വന്നത്. അങ്ങനെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളുമായി മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിന്മേലുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ഡോ. കെ. ടി. ജലീൽ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ അക്കാദമിക രംഗത്തും ഔതിക സാഹചര്യങ്ങളുടെ വിപുലീകരണത്തിന്റെ കാര്യത്തിലും ഇത്രയധികം റെക്കോഡിട്ട ഒരു ഗവൺമെന്റ് മുൻപുണ്ടായിട്ടില്ല. അതിന് വളരെ സമർത്ഥമായ ധനമാനേജ്മെന്റിലൂടെ നേതൃത്വം കൊടുത്ത ഡോ. തോമസ് ഐസക്കിനെ ഞാൻ അഭിനന്ദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വെറ്ററിനറി യൂണിവേഴ്സിറ്റി, മെഡിക്കൽ യൂണിവേഴ്സിറ്റി, ഫിഷറീസ് യൂണിവേഴ്സിറ്റി. എന്നീ മൂന്ന് സർവ്വകലാശാലകളാണ് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചത്. രണ്ട് സെൻട്രൽ സർവ്വകലാശാലകൾക്ക് ആവശ്യമായിട്ടുള്ള സ്ഥലം ഈ ഗവൺമെന്റ് നൽകി. മലപ്പുറത്ത് അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി കാമ്പസ്സിന് 250 ഏക്കർ സ്ഥലം ആവശ്യപ്പെട്ടപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ 35 കോടി രൂപ ചെലവഴിച്ചു 335 ഏക്കർ സ്ഥലം വാങ്ങി ഇന്നലെ ആ രേഖകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർക്ക് കൈമാറുകയും ചെയ്തു. കാസർഗോഡിന്റെയും കണ്ണൂരിന്റെയും ബോർഡറിൽ ആരംഭിക്കുന്ന സെൻട്രൽ യൂണിവേഴ്സിറ്റിയ്ക്കാവശ്യമായ ഭൗതിക സൗകര്യവും സ്ഥലവും സർക്കാർ എടുത്തുകൊടുക്കുകയാണ്.

വിദ്യാഭ്യാസ രംഗത്ത് ഇത്രയധികം അഭിവൃദ്ധിയും പുരോഗതിയും ഉണ്ടായ ഒരു കാലം മുൻപുണ്ടായിട്ടില്ല. 178-ഓളം പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ എയ്ഡഡ് മേഖലയിൽ മലബാർ പ്രദേശത്ത്. ആരംഭിക്കുകയും അതിനാവശ്യമായ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ 25000-ഓളം പുതിയ സീറ്റുകൾ അനുവദിക്കുകയും 5000-ഓളം അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ ആ മേഖലയിൽ സൃഷ്ടിക്കുകയും ചെയ്തു. ഇതൊക്കെ വിദ്യാഭ്യാസ മംഗത്ത് മാത്രം നടന്നിട്ടുള്ള പുരോഗതിയും പ്രവർത്തനങ്ങളുമാണ്.

കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ കാര്യത്തിലും റോഡുകളുടെ നിർമ്മാണത്തിന്റെ വിഷയങ്ങളിലുമൊക്കെ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഒരു സർവ്വകാല റെക്കോർഡ് കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇത്രയും ഭീമമായ തുക ചെലവഴിച്ചിട്ടും നമ്മുടെ ട്രഷറികൾ ഒരു ദിവസം പോലും ഒരു പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യത്തിലേക്ക് വഴുതിപ്പോകാതിരിക്കാൻ അനന്യ സാധാരണ വൈഭവം കാണിച്ച ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ ഈ ഗവൺമെന്റിന് ധനവിനിയോഗത്തിന് സഭയുടെ അനുമതിതേടാൻ ധാർമ്മികമായി യാതൊരു അവകാശവുമില്ല. അതുകൊണ്ടുതന്നെയാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കണക്കിലെ കളികൾ നടത്തുന്ന ഒരു മാന്ത്രികനായിട്ടാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ തുക പറയും, ചില സ്ഥലങ്ങളിൽ ശതമാനക്കണക്ക് പറയും. ഇങ്ങനെ ആളുകളെ ഭ്രമിപ്പിക്കുകയും പറ്റിക്കുകയും ചെയ്യുക എന്നതാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനത്തിന്റെ പ്രത്യേകത. പ്ലാനിംഗ് ബോർഡ് മെമ്പറായിരിക്കുമ്പോൾ അദ്ദേഹം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

1.00 PM]

LIBRARY ARCHIVES Kerala Legislative Assembly

അപ്പോസ്തോലനായിട്ടാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്ത് ചെയ്തു എന്ന് പരിശോധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തുക കുറച്ചിട്ടുള്ളതല്ലാതെ എന്തെങ്കിലുമൊരു നടപടിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ടോ? അവിടെ ശമ്പളം കൊടുക്കാനോ ഇലക്ട്രിസിറ്റി ചാർജും വാട്ടർ ചാർജും അടയ്ക്കാനോ കഴിയുന്നില്ല. ഇവിടെ മന്ത്രിമാർ തമ്മിൽ തീരുമാനമെടുക്കുന്നു. പഞ്ചായത്തുകൾ നടത്തുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ ഫ്യൂസ് ദിവസവും ഊരുകയാണ്. ജനങ്ങൾ കുടിവെള്ളമില്ലാതെ ബുദ്ധിമുട്ടുകയാണ്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊന്ന് കുഴിച്ചുമൂടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാണവായു കിട്ടാതെ കൈയ്യും കാലുമിട്ടടിക്കുകയാണ്.

ഇവിടെ പറയുന്നത് മാതൃകാ ഗവൺമന്റാണ് വലിയ നേട്ടമുണ്ടാക്കി എന്നൊക്കെയാണ്. കുട്ടികൾക്ക് കൊടുക്കുന്ന ഭക്ഷണ സാധനങ്ങളിൽ മായം ചേർത്തതാണ് ഈ സർക്കാരിന്റെ നേട്ടം. കഴിഞ്ഞ ദിവസം ശ്രീ. സുനിൽകുമാർ ഒരു ചർച്ചയിൽ പറഞ്ഞു, സ്കൂളുകളിൽ കൊടുത്തില്ലെന്ന്. സ്കൂളുകളിൽ കൊടുത്തില്ല എന്നുപറയുന്നത് യുക്തിയല്ല. സ്കൂളിൽ പോകുന്ന കുട്ടി രാവിലെ കഴിക്കുന്നത് വിഷം കലർത്തിയഭക്ഷണം, വൈകിട്ട് വീട്ടിൽ വന്ന് കഴിക്കുന്നത് വിഷം കലർത്തിയ ഭക്ഷണം. ഗർഭിണി കഴിക്കുന്നത് വിഷം കലർത്തിയഭക്ഷണം, പ്രായമുള്ള ആളുകൾ കഴിക്കുന്നത് വിഷം കലർത്തിയ ഭക്ഷണം. വിഷം കലർന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് 34 ഐറ്റംസാണെന്ന് ഇവിടെ പറഞ്ഞു. ഇതുമാത്രമാണോ? 40 ദിവസം നൊയമ്പ് നോറ്റ് ശബരിമലയിൽ എത്തുന്ന ഭക്തന്മാർക്ക് കൊടുക്കുന്ന അരവണ പ്രസാദത്തിനുള്ള ശർക്കരയിൽ കയ്യിട്ട് വാരൽ. അരവണയ്ക്ക് മണ്ണും ചണ്ടിയുമുള്ള ശർക്കര. തിരിച്ചയയ്ക്കാൻ നിർദ്ദേശം നൽകിയിട്ടും ശർക്കര വീണ്ടും സന്നിധാനത്ത്. ഇത് ഈ സർക്കാരിന്റെ കാലത്ത് നടന്ന നടപടിയല്ലേ? നൊയമ്പ് നോറ്റ് ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തന്മാർ വലിയ നിവേദ്യമായി സൂക്ഷിക്കുന്ന അരവണ ഈ നിലയിൽ ഉണ്ടാക്കുന്നതാണെന്നു പറഞ്ഞാൽ ഇതിന്റെ സ്ഥിതി എന്താണ്?

ഇവിടെ ശ്രീ. വി. ശിവൻകുട്ടി ലോട്ടറിയുടെ കാര്യം പറഞ്ഞ് ധനകാര്യ വകുപ്പുമന്ത്രിയെ സംരക്ഷിക്കാൻ വന്നു. ശ്രീ. വി. ശിവൻകുട്ടി കേരള നിയമസഭയിലല്ല ഇത് പ്രസംഗിക്കാനുള്ളത്. അങ്ങ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയിൽ മുഖ്യമന്ത്രിയോട് ഈ കാര്യം പറഞ്ഞാൽമതി. 80,000 കോടി രൂപ നാല് വർഷം കൊണ്ട് അന്യസംസ്ഥാന ലോട്ടറി മാഫിയ കടത്തിക്കൊണ്ടു പോയി എന്ന് പറഞ്ഞത് ഞങ്ങളല്ല. കേരളത്തിലെ മുഖ്യമന്ത്രിയാണ്. പാർട്ടി കമ്മിറ്റിയിൽ മുഖ്യമന്ത്രിയോട് പറയാൻ കഴിയാത്ത കാര്യങ്ങൾ ഇവിടെ വന്ന് ഞങ്ങളോട് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ?

ഇവിടെ തുടക്കം മുതൽ ക്രമക്കേടാണ്. ഞാൻ നേരത്തെ പല സഭകളിലും ഇക്കാര്യം സൂചിപ്പിച്ചതാണ്. ഇവിടെ ശ്രീ. സിബി മാത്യൂവിന്റെ വിജിലൻസ് റിപ്പോർട്ടിന്റെ കാര്യം പറഞ്ഞു. ഈ വിവാദങ്ങളൊക്കെ ഉണ്ടായതിനുശേഷം ഓർഡിനൻസിനെ ചോദ്യം ചെയ്ത് കേരള ഹൈക്കോടതിയിൽ നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കേസിൽ ഫയൽ ചെയ്തത് നാല് പേജുള്ള സംഗ്രഹമാണ്. അതിൽ മറ്റ് കാര്യങ്ങളൊന്നുമില്ല. റിപ്പോർട്ട് പുഴ്ത്തി. സംഗ്രഹമാണ് പുറത്ത് വന്നത് എന്ന് വന്നപ്പോൾ റിപ്പോർട്ട് പിന്നെ ഫയൽ ചെയ്യാൻ ശ്രമിച്ചു. ആർജ്ജവമുള്ള ഒരു ഗവൺമെന്റാണെങ്കിൽ, അന്യസംസ്ഥാന ലോട്ടറി മാഫിയയെ കയ്യാമം വയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു ഗവണ്മെന്റാണെങ്കിൽ പൂർണ്ണ റിപ്പോർട്ടല്ലേ ഫയൽ ചെയ്യേണ്ടത് ? ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് 32 കേസുകൾ കേരള ഹൈക്കോടതിയിൽ തോറ്റു. ഇവിടെ ശ്രീ. സിബിമാത്യൂവിന്റെ വിജിലൻസ് റിപ്പോർട്ട് എക്സിബിറ്റായി ഫയൽ ചെയ്തില്ല. തുടക്കം മുതൽ ഈ ഗവൺമെന്റ് സാന്റിയാഗോ മാർട്ടിനെ സംരക്ഷിക്കാൻ വേണ്ടിയുള്ള വഴിവിട്ട ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ശിവൻ കുട്ടി : ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിലെ കാര്യങ്ങൾ കൂടി പറയണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഇതുസംബന്ധിച്ച് ഇന്നലെയിവിടെ ഏറെ കാര്യങ്ങൾ വിശദീകരിച്ചതാണ്. സുപ്രീംകോടതിയിൽ കോർട്ടലക്ഷ്യം സംബന്ധിച്ച നടപടി വന്നപ്പോൾ ആ നടപടികൾ ഒഴിവാക്കിയതിനു ശേഷം കേരള ഗവൺമെന്റ് സംസ്ഥാന ലോട്ടറി ഉൾപ്പെടെ നിരോധിച്ചു കൊണ്ട് നടപടി സ്വീകരിച്ചു. അത് മാത്രമല്ല, 2005-ലെ പേപ്പർ ലോട്ടറീസ് ആക്ട് ഓൺലൈൻ ലോട്ടറി നിരോധിക്കാനുള്ള നടപടി സ്വീകരിക്കുകയാണ് ചെയ്തത്. ഇന്ന് ഓൺലൈൻ ലോട്ടറി കേരളത്തിലില്ല. അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ച ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ്.

ശ്രീ. സാജു പോൾ : സർ, ശ്രീ. ജോസഫ് എം. പുതുശ്ശേരി ശ്രീ. ശിവൻകുട്ടിയോട് പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ പോയി പറയാൻ ആവശ്യപ്പെട്ടു. ശ്രീ. ശിവൻകുട്ടി സംസ്ഥാന കമ്മിറ്റി മെമ്പറല്ല. മാത്രമല്ല, ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് ഇന്നുവരെ അദ്ദേഹത്തിന്റെ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയിൽ ഒരക്ഷരം മിണ്ടാൻ സാധിച്ചിട്ടില്ല. 69 ജനറൽ സെക്രട്ടറിമാരുണ്ട്. അങ്ങനെയുള്ള ശ്രീ. ജോസഫ് എം. പുതുശ്ശേരി സംസ്ഥാന കമ്മിറ്റിയിൽ ഇല്ലാത്ത ശ്രീ. വി. ശിവൻകുട്ടി കമ്മിറ്റിയിൽ പോയി സംസാരിക്കാൻ, പറയുന്നത് ഓർഡറിലാണോയെന്ന് പരിശോധിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാനതിന് മറുപടി പറയേണ്ട കാര്യമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ഗവൺമെന്റിന് ധനവിനിയോഗ ബിൽ പാസ്സാക്കികൊടുത്തിട്ട് ഒരു കാര്യവുമില്ല. തുടക്കം മുതൽ ട്രാക്ക് തെറ്റി ഓടുന്ന ഒരുവണ്ടിയാണ് ഈ ഗവൺമെന്റ്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് ഇത് ഇടിച്ച് നിൽക്കുകയല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല. ഏപ്രിൽ മാസത്തിൽ ഇത് ഇടിച്ച് നിൽക്കും ഇനി പാസ്സാക്കി തന്നിട്ടും കാര്യമില്ല. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. "എന്തിന് പാഴ്ശ്രുതി മീട്ടുവതിനിയും തന്ത്രികൾ പൊട്ടിയ തമ്പുരുവിൽ" എന്ന് പണ്ട് പറഞ്ഞതുപോലെയാണ്. ട്രാക്ക് തെറ്റിയോടുന്ന ഈ വണ്ടിയിൽ ഇനി ധനവിനിയോഗം നടത്തിയിട്ട് കാര്യമില്ല. നേരത്തെ നടത്തിയിട്ടും ശരിയായിട്ടില്ല. ഇനി നടത്തിയാൽ ഒട്ടും ശരിയാകുകയുമില്ല. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എൻ. വാസവൻ : സർ, ഈ ധനവിനിയോഗ ബില്ലിനെ തികഞ്ഞ അഭിമാനത്തോടെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. പുതുശ്ശേരി ഉൾപ്പെടെയുള്ള ആളുകൾ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കാതെ പാസ്സാക്കി കൊടുക്കേണ്ടതാണ്. കാരണം ഈ ഗവൺമെന്റിന്റെ നാലര വർഷക്കാലം പിന്നിട്ട ധനവിനിയോഗം പരിശോധിച്ചാൽ 45,000 കോടി രൂപയുടെ വികസനം ഇതിനോടകം നമ്മുടെ സംസ്ഥാനത്ത് നടന്ന് കഴിഞ്ഞിരിക്കുന്നു. ഇനി അവശേഷിക്കുന്ന സമയം കൂടി പരിഗണിച്ചാൽ 50,000 കോടി രൂപയുടെ വികസനം ഈ സംസ്ഥാനത്ത് നടക്കുന്നുവെന്നാണ് കണക്കിൽ നിന്നും മനസ്സിലാകുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷക്കാലത്തെ പൊതുവിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ ആകെ തുക 19,000 കോടി രൂപയാണ്. ഇവിടെയാണ് രണ്ട് ഗവൺമെന്റുകൾ തമ്മിലുള്ള വികസന വീക്ഷണങ്ങളിലെ സമ്പത്ത് വിനിയോഗത്തെ സംബന്ധിച്ച് നാം തിരിച്ചറിയേണ്ടത്. അപ്പോൾ ഈ കാര്യത്തിൽ ശ്രീ. പുതുശ്ശേരിയുൾപ്പെടെയുള്ള ആളുകൾ ഈ ധനവിനിയോഗ ബില്ലിനെ യഥാർത്ഥത്തിൽ എതിർക്കാൻ പാടില്ലാത്തതാണ്. അവർ അനുകൂലിച്ച് സംസാരിക്കേണ്ടതായിരുന്നു. സാമ്പത്തിക വളർച്ചയെടുത്ത് പരിശോധിച്ചാൽ പത്ത് ശതമാനം വർദ്ധനവ്, റവന്യൂ കമ്മിയും ധനകമ്മിയും കുറഞ്ഞു, മൂലധന ചെലവും പദ്ധതി ചെലവും വർദ്ധനവ് കൈവരിച്ചു. മൂലധന ചെലവ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെക്കാൾ 50 ശതമാനം വർദ്ധിച്ചു. പദ്ധതി ചെലവ് ഈ വർഷം 25.03 ശതമാനമാനമായി ഉയർന്നിരിക്കുന്നു. പൊതുകടം യു.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ 92 ശതമാനത്തിന്റെ വർദ്ധനവായിരുന്നത് ഈ ഗവൺമെന്റിന്റെ കാലത്ത് 72 ശതമാനമായി കുറഞ്ഞു. വരുമാനത്തിൽ വർഷം തോറും 20 ശതമാനത്തിന്റെ വർദ്ധനവുണ്ടായിരിക്കുന്നു. അത് ആർക്കും നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണ്. ഇങ്ങനെ പൊതുവിൽ പരിശോധിക്കുമ്പോൾ നമ്മുടെ ധനമാനേജുമെന്റ് ഒരു പക്ഷേ ഐക്യകേരളം ജന്മമെടുത്തതിനുശേഷം നാളിതുവരെ കണ്ടതിൽ വച്ച് ഏറ്റവും മെച്ചപ്പെട്ട, ശരിയും ശാസ്ത്രീയവുമായ ഒരു ധനമാനേജുമെന്റാണ്. അതിന്റെ ഭാഗമാണ് നമ്മുടെ സംസ്ഥാനത്തെ ഉൽപ്പാദന മേഖലകളിലും പശ്ചാത്തല വികസനങ്ങളിലും അതുപോലെത്തന്നെ സേവന മേഖലകളിലും നല്ല രൂപത്തിലുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. അത് ആർക്കും നിഷേധിക്കാനാകാത്ത യാഥാർത്ഥ്യമാണ്.

അതുപോലെതന്നെ കാർഷിക വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി, വ്യവസായ മേഖല എടുത്താൽ മൂന്ന് പതിറ്റാണ്ടിനുശേഷമാണ് കേരളത്തിൽ പുതുതായി പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്കുവേണ്ടി മൂലധന ചെലവുമായി മുന്നോട്ടുവരാൻ ഒരു മുന്നണി ഗവൺമെന്റിന് കഴിഞ്ഞത്.

ജനുവരി മാസത്തിൽ പത്ത് പൊതുമേഖലാ സംരംഭങ്ങൾ തുടങ്ങാൻ പോകുന്നു. യു.ഡി.എഫ്. ഭരിച്ചപ്പോൾ ഇത്തരത്തിൽ പുതുതായി മൂലധനചെലവ് വർദ്ധിച്ചുവന്ന ഒരു കാലഘട്ടം പറയാൻ സാധിക്കുമോ? കേരളത്തിന്റെ വ്യവസായ മേഖലയിലും കാർഷിക മേഖലയിലും പശ്ചാത്തല വികസന സൗകര്യത്തിലുമെല്ലാം ധനവിനിയോഗം ഏറ്റവും മെച്ചപ്പെട്ട രൂപത്തിൽ

വന്നിരിക്കുന്നു. ഓരോ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് പറയണം. ഒരേ സമയത്ത് പതിനഞ്ച് കോടി രൂപയിൽ കുറയാത്ത വികസന പ്രവർത്തനങ്ങൾ ഓരോ മണ്ഡലത്തിലും നടത്തിയിരിക്കുമെന്നും എം.എൽ.എ.-മാർകൊണ്ടുവരുന്ന ഏത് പ്രോജക്ടായാലും അത് നടത്തിയിരിക്കുമെന്നും ഇതിനുമുമ്പ് ഒരു ധനകാര്യ വകുപ്പുമന്ത്രിയും ഈ നിയമസഭയിൽ പ്രഖ്യാപിച്ചിട്ടില്ല. റോഡുകൾക്കായി 25 ലക്ഷം രൂപ കൂടി ഇന്നലെ പ്രഖ്യാപിച്ചിരിക്കുന്നു. അങ്ങനെ ഒരു കോടി രൂപയാണ് വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.-മാർക്ക് കിട്ടുന്ന വിഹിതം. അപ്പോൾ ധനവിനിയോഗം ഈ കാലഘട്ടത്തിൽ ഏറ്റവും മെച്ചപ്പെട്ട രൂപത്തിലേക്ക് വന്ന അനുഭവങ്ങളാണ് എല്ലാവരുടെയും മുമ്പിലുള്ളത്.

കാർഷിക മേഖലയിൽ നെല്ലുൽപ്പാദനവുമായി ബന്ധപ്പെട്ട് കൃഷിക്കാർക്ക് പ്രതീക്ഷാനിർഭരമായ സാഹചര്യം വന്നതുകൊണ്ടാണ് കൃഷിക്കാരുടെ ആത്മഹത്യ ഇവിടെ കുറയുകയും അതേസമയത്ത് ഇന്ത്യാ രാജ്യത്ത് പൊതുവിൽ ശരാശരി 47 കൃഷിക്കാരുടെ ആത്മഹത്യ നടക്കുന്നുവെന്ന കണക്ക് പുറത്തു വന്നതും. കോൺഗ്രസ്സ് ഭരിക്കുന്ന മഹാരാഷ്ട്രയിലാണ് ഏറ്റവും കൂടുതലായി കൃഷിക്കാരുടെ ആത്മഹത്യ നടക്കുന്നത്. ഇവിടെ അത് കുറഞ്ഞുവരാൻ ഇടവന്ന സാഹചര്യവും നമുക്കറിയാം. കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും ഈ ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ ഭാഗം തന്നെയാണ്. അത് യു.ഡി.എഫ്.-ന് നിഷേധിക്കാൻ കഴിയാത്ത യാഥാർത്ഥ്യങ്ങളാണ്.

ഇവിടെ ശ്രീ. ജോസഫ് എം. പുതുശ്ശേരി സൂചിപ്പിച്ചു ഈ ഗവൺമെന്റ് അഴിമതിയുടെയും ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടേയും പര്യായമാണ് എന്ന്. പക്ഷേ അത് കേന്ദ്ര ഗവൺമെന്റിനെക്കുറിച്ചാണെങ്കിൽ അദ്ദേഹത്തിന്റെ പ്രയോഗം വളരെ ശരിയായിരിക്കും. കാരണം 2008-09-ലെ കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് നൽകിയ സൂചനകൾ പ്രകാരം ആദായനികുതി വകുപ്പ് നീരാ റാഡിയായുടെ ഫോൺ ടേപ്പ് ചെയ്തു. ഞെട്ടിപ്പിക്കുന്ന നിഗൂഢ രഹസ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ടേപ്പിന്റെ ഉള്ളടക്കം പരിശോധിക്കുമ്പോൾ ഈ നീരാ റാഡിയ ഒരു നീരാളിയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കേന്ദ്ര മന്ത്രിമാരായ പ്രഫുൽ പട്ടേൽ, കമൽനാഥ്, മുരളി ദേവ്റേ എന്നിവർ ഏത് വകുപ്പ് കൈകാര്യം ചെയ്യണമെന്നും അവർ എങ്ങനെ പാർലമെന്റിൽ സംസാരിക്കണമെന്നും തീരുമാനിക്കുന്നത് നീരാ റാഡിയയാണ്. അതുപോലെ തന്നെ രത്തൻ ടാറ്റായും മുകേഷ് അംബാനിയും തമ്മിലുള്ള തർക്കം തീർക്കുന്നത് ഈ നീരാ റാഡിയയാണ്. ഈ ടേപ്പെല്ലാം പ്രശാന്ത്ഭൂഷൺ എന്ന പ്രഗത്ഭനായ അഭിഭാഷകൻ സുപ്രീം കോടതി മുമ്പാകെ ഹാജരാക്കിയതാണ്. എത്ര കോടി രൂപയുടെ ഞെട്ടിപ്പിക്കുന്ന അഴിമതികഥകളാണ് പുറത്തുവന്നത്. കമൽനാഥിനെ കുറിച്ച് ഒരു കമന്റ് ആ ടേപ്പിൽ നിന്ന് പുറത്തുവന്നത് ഏത് വിഷയവും പരിഹരിച്ചുകൊടുക്കും പതിനഞ്ച് ശതമാനം കമ്മീഷൻ കിട്ടണം. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിന്റെ മുൻ മേധാവിയായിരുന്ന അരുൺദാസാണ് ഫോണിൽ കൂടി ഇങ്ങനെ സംസാരിച്ചത് എന്നാണ് നീരാ റാഡിയായുടെ ടേപ്പിൽ നിന്ന് ബോധ്യപ്പെടുന്നത്. എങ്ങോട്ടാണ് കേന്ദ്രഭരണം പോകുന്നത്. ടു ജി. സ്പെക്ട്രത്തിന്റെ അഴിമതിയും അതുമായി ബന്ധപ്പെട്ട കഥകളുമെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചർച്ച ചെയ്തു. ഒരു പക്ഷേ രാജ്യം കണ്ട ഏറ്റവും വലിയ, ഹിമാലയം അഴിമതിയുടെ ഉള്ളുടക്കങ്ങളാണ് ഒരുഭാഗത്ത് നിൽക്കുന്നതെങ്കിൽ കോമൺവെൽത്ത് അഴിമതിയുടെയും ആദർശ് ഫ്ളാറ്റ് കുംഭകോണത്തിന്റെയും ഉള്ളുടക്കങ്ങൾ നമ്മൾ കണ്ടു. ഇതിന്റെ പേരിൽ എത്ര മന്ത്രിമാരാണ് പുറത്ത് പോകേണ്ടിവന്നത്. ശ്രീ. അശോക് ചവാനും ശ്രീ. രാജയുമൊക്കെ രാജിവയ്ക്കേണ്ടി വന്നു. ശ്രീ. ശശിതരൂർ 68 കോടി രൂപയുടെ വിയർപ്പുമായി രാജിവയ്ക്കേണ്ടിവന്നു. അപ്പുറത്ത് സുരേഷ് കൽമാഡി രാജിവയ്ക്കേണ്ടിവന്നു. ഇതെല്ലാം ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ള സംഭവങ്ങളാണ്. അതുദ്ദേശിച്ചിട്ടായിരിക്കും ശ്രീ. പുതുശ്ശേരി ഇതെല്ലാം അഴിമതിയാണെന്നും ആകെ കെടുകാര്യസ്ഥതയാണെന്നും കുഴപ്പമാണെന്നും പറഞ്ഞത്. ഇവിടെ അത്തരം ഏതെങ്കിലും ഒരു കേസ്സോ ഏതെങ്കിലും സംഭവങ്ങളോ പറയാനുണ്ടോ; ഇല്ലല്ലോ? അപ്പോൾ കേന്ദ്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത് കോർപ്പറേറ്റുകളും അതുപോലെ തന്നെ ചില മാധ്യമഭീകരന്മാരും നീര റാഡിയായെപ്പോലെയുള്ള ഇടനിലക്കാരും ചേർന്ന് ഭരണം എങ്ങനെപോകണമെന്ന് തീരുമാനിക്കുന്നു. ഭരണത്തെ അവരാണ് കൈകാര്യം ചെയ്യുന്നത്.

രാജ്യത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുവാനുള്ള അധികാര അവകാശങ്ങൾ കേന്ദ്ര ഗവൺമെന്റ് സ്വകാര്യ മുതലാളിമാർക്ക് വിട്ടു കൊടുത്തപ്പോഴാണ് മുകേഷ് അംബാനിയുടെ പമ്പുകളെല്ലാം പിറ്റേ ദിവസം കേരളത്തിൽ തുറക്കാൻ ഇടവന്നത്. ഈ ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ എത്ര പ്രാവശ്യം വില വർദ്ധിപ്പിച്ചു; എത്ര ഭീകരമായ വിലക്കയറ്റം വരാൻ ഇടവരുന്ന സാഹചര്യത്തിലേക്ക് എത്തിയിരിക്കുന്നു. ഇടിവെട്ടിയവനെ പാമ്പു കടിച്ചുവെന്ന് പറയുന്നതുപോലെയാണ് റെയിൽവേ ചരക്കുഗതാഗതത്തിനും വർദ്ധനവ് ഉണ്ടായത്. അതുകൂടി വരുമ്പോൾ നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ദേശീയ തലത്തിൽ വിലനിലവാരം ഏറ്റവും വലിയ ദേശീയവും സാമൂഹികവുമായ പ്രശ്നമായി ജനങ്ങളുടെ മുമ്പിൽ വരികയാണ്. കേന്ദ്ര ഗവൺമെന്റ് ഈ രംഗത്ത് ഫലപ്രദമായി എന്ത് നടപടി സ്വീകരിച്ചു; ഏത് തരത്തിലുള്ള സഹായമാണ് സംസ്ഥാനങ്ങൾക്ക് നൽകിയത് എന്നൊക്കെ പരിശോധിക്കണം. ഒന്നും ചെയ്യാൻ കഴിയാത്ത കേന്ദ്ര ഗവൺമെന്റ്. ജനകീയ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുകയും അതോടൊപ്പം തന്നെ നീരാറാഡിയായെ പോലെയുള്ള നീരാളിയെ രക്ഷിക്കുവാൻ മുന്നോട്ടുവരികയും ചെയ്യുകയാണ്. ഇപ്പോൾ നമ്മൾ പാർലമെന്റിനെക്കുറിച്ച് കേട്ട ഒരു സംഭാഷണം; ശിവന്റെ കല്യാണസംഘം പോലെയാണ് ഇപ്പോഴത്തെ യു.പി.എ. ഗവൺമെന്റ് എന്ന്. ജെ.ഡി.യു.-ന്റെ എം.പി. ആയിട്ടുള്ള എൻ. കെ. സിംഗാണ് പറഞ്ഞത്. പലതരം രീതികൾ ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ യു.പി.എ. ഗവൺമെന്റ് എന്നാണ് അദ്ദേഹം പറഞ്ഞത്. ആ യു.പി.എ. ഗവൺമെന്റിന്റെ ചെയ്തികളാണ് ഈ നാടിന്റെ നാനാതരത്തിലുമുള്ള ജനകീയ പ്രശ്നങ്ങൾ ഏറ്റവും ദുരന്തപൂർണ്ണമായ രൂപത്തിലേക്ക് എത്തിച്ചിരിക്കുന്നത്. എണ്ണിയാൽ ഒടുങ്ങാത്ത ദുരന്തങ്ങളിലേക്ക് ഈ നാടിനെ ആഴ്ത്തുന്നു. ഭൂരിപക്ഷവും ദുരന്തത്തിലാകുമ്പോൾ കൈവിരലിൽ എണ്ണാവുന്ന ആളുകൾക്ക് തടിച്ചുകൊഴുക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നു. അംബാനിമാർക്ക് ഭരണംകൊണ്ടുപോകുവാനുള്ള സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊടുക്കുന്നു. ഇതല്ലേ യഥാർത്ഥ്യം. ഈ സംസ്ഥാനത്തിൽ യഥാർത്ഥത്തിൽ ആരാണ് കുത്തകകളെ സംരക്ഷിക്കുന്നതെന്നും പാവങ്ങളെ ഈ തരത്തിൽ ദുരിതപൂർണ്ണമായ സാഹചര്യത്തിലേക്ക് ആനയിക്കുന്നതെന്നും വളരെ വ്യക്തമായി നമുക്ക് ബോധ്യപ്പെടുകയാണ്. അവിടെയാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരി വിരൽ ചൂണ്ടിയിരിക്കുന്നത് എന്ന കാര്യം സൂചിപ്പിക്കുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി ലോട്ടറിയുമായി ബന്ധപ്പെട്ട പ്രശ്നം സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ലോട്ടറിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ രേഖകൾ പരിശോധിക്കാതെയാണ് പുതുശ്ശേരി ആക്ഷേപം ഉന്നയിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിൽ 588 കേസ്സുകൾ വിത്ഡ്രോ ചെയ്തകാര്യം ശ്രീ. വി. ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ചു. അതേസമയത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്നാം പ്രതിയായി ശ്രീ. സാന്റിയാഗോ മാർട്ടിനും രണ്ടാം പ്രതിയായി ശ്രീ. എ. ജോൺ കെന്നഡിയും വരുന്ന തരത്തിൽ തിരുവനന്തപുരം സി.ജെ.എം. കോടതിയിൽ ഫയൽ ചെയ്ത ഒരു എഫ്.ഐ.ആർ. ഉണ്ട്. സംശയമുണ്ടെങ്കിൽ ആ എഫ്.ഐ.ആറിന്റെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. സാന്റിയാഗോ മാർട്ടിന്റെയും ശ്രീ. കെന്നഡിയുടെയും പേരിൽ എടുത്ത കേസാണ്. ഇതിലെ ഒന്നാം പ്രതി ശ്രീ. സാന്റിയാഗോ മാർട്ടിൻ, തിരുവള്ളൂർ സ്ട്രീറ്റ്, കോയമ്പത്തൂർ-54. രണ്ടാം പ്രതി ശ്രീ. എ. ജോൺ കെന്നഡി, S/o എ. ആരോഗ്യ, 43, 1/എ/44, കാമരാജാ സ്ട്രീറ്റ്, കാവേരി നഗർ. 4-11-2009-ൽ ഈ കേസുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ മുപ്പതിലേറെ അഭിഭാഷകന്മാരെ ഇവർക്കുവേണ്ടി അണിനിരത്തിയാണ് സ്റ്റേ വാങ്ങിയിരിക്കുന്നത്. ആ സ്റ്റേയിൽ പറയുന്ന പ്രധാനപ്പെട്ട കാര്യം ഇവരെ അറസ്റ്റ് ചെയ്യാനോ തടവിൽ പാർപ്പിക്കുവാനോ പാടില്ല. ഇത്തരത്തിലുള്ള കേസ് വരുമ്പോൾ ആരാണ് ഇവർക്കുവേണ്ടി വാദിക്കുന്നത് ? കേരളാ ഹൈക്കോടതിയിൽ ശ്രീ. സാന്റിയാഗോ മാർട്ടിനുവേണ്ടി അഭിഷേക് സിങ്വിയാണ് ഹാജരായത്. ഇവിടെ വലിയ കലാപമുണ്ടായി. ഇതാ ഞങ്ങൾ ആ അഭിഷേക് സിങ്വിയെ മാറ്റിയിട്ട് അഭിഷേക് സിങ്വിയുടെ പേരിൽ നടപടി സ്വീകരിപ്പിക്കുമെന്ന് പറഞ്ഞു. അങ്ങനെ നടപടി സ്വീകരിപ്പിക്കുമെന്ന് പറഞ്ഞതിനുശേഷം രണ്ടോ മൂന്നോ പത്രസമ്മേളനത്തിൽ വക്താവിനെ കണ്ടില്ല. അതിനുശേഷം ഇലക്ഷൻ കമ്മീഷൻ രാഷ്ട്രീയപാർട്ടികളുടെ മീറ്റിംഗ് വിളിച്ചപ്പോൾ കോൺഗ്രസ്സ് പ്രസിഡന്റ് സോണിയാ ഗാന്ധിക്കുവേണ്ടി ഹാജരായത് ആ സിങ്വിയാണ്. ഇതിനുമുമ്പ് മാർട്ടിനുവേണ്ടി ഹാജരായത് ആദ്യം ശ്രീ. ചിദംബരവും പിന്നീട് ശ്രീമതി നളിനി ചിദംബരവും. കേസിലൊരു പരാജയമുണ്ടായ ഘട്ടത്തിൽ യഥാർത്ഥത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ അന്തഃപ്പുരങ്ങളിൽ ജന്മമെടുത്ത ഒരു നിയമത്തിൽ നിന്നുകൊണ്ടല്ലേ അതിൽ നിന്നും രക്ഷപ്പെടുവാനുള്ള പഴുതുകളെല്ലാം ഉണ്ടാക്കിയത്. എന്നിട്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് പഴി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുമായി ബന്ധപ്പെട്ടതാണ് ഈ സി.ജെ.എം. കോടതിയിലെ വ്യക്തമായ രേഖകളും

LIBRARY ARCHIVES Kerala Legislative Assembly

അതുമായി ബന്ധപ്പെട്ട കേസ്സുകളും. അത് നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ട് ശ്രീ. സാന്റിയാഗോ മാർട്ടിനെ സംരക്ഷിക്കുവാൻ വേണ്ടി മുന്നോട്ടുവരുന്നത് ശ്രീ. സിങ്‌വിയെപ്പോലെയോ ശ്രീമതി നളിനിയെപ്പോലെയോ ഉള്ള അഭിഭാഷകരാണ്. അതിനുമുമ്പ് ശ്രീ. ചിദംബരത്തെപ്പോലെയുള്ള അഭിഭാഷകർ. ഈ യാഥാർത്ഥ്യങ്ങൾ ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശരിയായ രീതിയിൽ തന്നെ ഈ പ്രശ്നത്തെ സമീപിക്കാനും കേസ്സുകളെടുക്കുവാനും മുന്നോട്ടു വന്നിരിക്കുന്നു. ഇതിനെ സംരക്ഷിക്കുവാൻ രുന്നോട്ടു വന്നത് കോൺഗ്രസ്സ് നേതൃത്വവും അവരുടെ അഭിഭാഷകരുമാണ് എന്ന് പകൽ പോലെ തെളിയുകയാണ്.

ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്ത് വിവിധ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് തെളിവായി നമ്മുടെ സംസ്ഥാനത്ത് അഞ്ചാം തീയതി മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സംരംഭമാണത്. കേരളാ ഗവൺമെന്റിന്റെ ആരോഗ്യ രംഗത്തെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ് തലസ്ഥാന നഗരിയിൽ അഭിമാനസ്തംഭമായി മാറുന്ന ഈ മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ. പരമാവധി ആധുനിക സംവിധാനങ്ങളും നൂതന സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തികൊണ്ട് ആരോഗ്യ പരിപാലന രംഗത്ത് നാം കൈവരിക്കുന്ന അഭിമാനകരമായ നേട്ടങ്ങളിലൊന്നാണ് മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ. ഈ സർക്കാരിനെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. ആരോഗ്യമേഖലയെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ആരോഗ്യരംഗത്ത് നമ്മുടെ കേരളം പിന്നോട്ടുപോയി എന്നാണ്. യഥാർത്ഥത്തിൽ പിന്നോട്ടുപോവുകയല്ല നമ്മൾ മുന്നോട്ടു വരികയാണ് ചെയ്തത്. എച്ച്1എൻ1 പനി ബാധിച്ചപ്പോൾ ചികിത്സാ രംഗത്ത് കേരളമാണ് ശക്തമായി മുന്നോട്ടുവന്നത്. അതുപോലെ തന്നെ ഈ രംഗത്തെല്ലാം കൈവരിച്ച നേട്ടങ്ങൾ വളരെ വ്യക്തമായിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. ബാബു: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. എട്ടൊൻപത് മാസക്കാലം തുടർച്ചയായി കേരളത്തിൽ മഴയായിരുന്നു. ആ മഴ മാറിയപ്പോൾ സർക്കാരിന്റെ ബഡ്ജറ്റിൽ പ്രഖ്യാപന മഴകൾ വന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ പതിവില്ലാത്ത വിധത്തിൽ എസ്.ഡി.ജിയിന്മേലുള്ള പ്രഖ്യാപന പെരുമഴ കൂടി ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ധന മാനേജ്മെന്റിനെക്കുറിച്ച് ഒരുപാട് പറഞ്ഞു. ഞങ്ങൾക്കും അതുതന്നെയാണ് പറയുവാനുള്ളത്. 80,000 കോടി രൂപ മാനേജ് ചെയ്തുവെന്നാണല്ലോ മുഖ്യമന്ത്രി തന്നെ പറഞ്ഞിരിക്കുന്നത്. ഏതായാലും ഈ മാനേജ്മെന്റിന്റെ പിടിപ്പുകേടിനെക്കുറിച്ച് ഒരു കാര്യം പറയാം. സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പത്ത് കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

റെഗുലറൈസ് ചെയ്യാൻ ഉൾപ്പെടുത്തി. മാർച്ച് 31-ന് ഇനിയുമൊരു എസ്.ഡി.ജി. കൂടി വരാൻ ഇരിക്കുകയാണ്. സേവിംഗ്സ് ഇല്ലെന്ന് ഉറപ്പായാലാണ് സപ്ലിമെന്ററി ബഡ്ജറ്റിൽ കൊണ്ടു വരാൻ സാധാരണ ഗതിയിൽ നടപടിയെടുക്കുന്നത്. എന്നാൽ ഒരു എസ്.ഡി.ജി. കൂടി വരാനുണ്ട് എന്നുമാത്രമല്ല, സേവിംഗ്സ് ഉണ്ടാവുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അപ്പോൾ ഇവിടെ സപ്ലിമെന്ററിയിൽ കൊണ്ടുവന്നു. സാധാരണഗതിയിൽ ഇങ്ങനെ ചെയ്യാറില്ല. അഡീഷണൽ അതറൈസേഷൻ കൊടുക്കുവാനുള്ള സൗകര്യമുണ്ട്. പക്ഷേ ഇപ്പോൾ സപ്ലിമെന്ററിയിൽ പത്ത് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വച്ചിട്ടുണ്ട്. ഇതുപോലുള്ള നടപടികൾക്കെതിരായിട്ടുള്ള ധനകാര്യവകുപ്പിന്റെ പിടിപ്പുകേടിനെ സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്നു പറയുമ്പോൾ നേരത്തെ ഇവർക്ക് പേടിയുണ്ടായിരുന്നു. ഇപ്പോൾ അവരോട് അൽപം താല്പര്യവുമുണ്ട്. അഞ്ച് കൊല്ലം മുമ്പ് ഇവർക്ക് വലിയ ഭയമുള്ള ഒരു സ്ഥാപനമായിരുന്നു. സി ആന്റ് എ. ജി. യുടെ റിപ്പോർട്ടിലെ പേജ് 41-ൽ 2-3-9-ൽ ഒരു കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗണ്യമായ തിരിച്ചടവുകൾ- പദ്ധതികൾ നടപ്പാക്കാത്തതു മൂലമോ, മന്ദഗതിയിലുള്ള നടത്തിപ്പു മൂലമോ, 372 സബ് ഹെഡ്ഡുകളിൽ ഗണ്യമായ തിരിച്ചടവിനായി വകയിരുത്തിയ 1357.86 കോടി രൂപയിൽ 1033.64 കോടി രൂപ 76 ശതമാനം തിരിച്ചടച്ചു. ഇത് നൂറുശതമാനവും തിരിച്ചടച്ച 26 സബ് ഹെഡ്ഡുകളുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2(7)-ൽ കൊടുത്തിരിക്കുന്നു. ഈ ധനകാര്യമാനേജ്മെന്റിന്റെ സവിശേഷതകളാണ് സി ആന്റ് എ. ജി. ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പേജ് 80-ൽ 2009 മാർച്ച് 31-ന് അനുവദിച്ച അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാരും ഉൾപ്പെടെയുള്ളവരുടെ സാമൂഹിക ക്ഷേമം, സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന എസ്സി/എസ്ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസച്ചെലവിനുവേണ്ടി നീക്കിവച്ച തുക ഉൾപ്പെടെ 300 ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇത് സി ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചതാണ്. അപ്പോൾ ഈ മാനേജ്മെന്റിനെക്കുറിച്ച് പുകഴ്ത്തിപ്പറയുന്ന ആളുകൾ സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ച ഇത്തരം പിടിപ്പുകേടുകളെക്കുറിച്ച് ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. തുക പാസ്സാക്കിക്കൊടുത്താലും ചെലവാക്കാൻ സാധിക്കുകയില്ല. അതാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഇന്നലെ ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ സി ആന്റ് എ. ജി. ചൂണ്ടിക്കാണിച്ച കാര്യമാണ് ഞാൻ ഉന്നയിച്ചത്. അപ്പോൾ ഇവിടെ ധാരാളം പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഒരുഭാഗത്ത് പ്രഖ്യാപനങ്ങളും മറുഭാഗത്ത് തുക ചെലവാക്കാൻ പറ്റാത്ത പിടിപ്പുകേടിന്റെ ചിഹ്നമായി ഈ വകുപ്പ് മാറിയിരിക്കുകയാണ്.

ഇവിടെ എല്ലാവരും ലോട്ടറി വകുപ്പിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. ഇവിടെ ശ്രീ. വാസവനും മന്ത്രിമാരും ഇന്നലെ ശ്രീ. തോമസ് ഐസക് പറഞ്ഞ കാര്യങ്ങളും നിങ്ങൾ ആദ്യം ബോധ്യപ്പെടുത്തേണ്ടത് മുഖ്യമന്ത്രിയെയാണ്. ഞങ്ങൾ ഈ ലോട്ടറി പ്രശ്നമൊന്ന് കണ്ണടയ്ക്കാം കാരണം ഐസക്ക് ഞങ്ങളുടെ ഒരു പഴയ സുഹൃത്താണ് എന്ന് തീരുമാനിച്ചാൽ മുഖ്യമന്ത്രി സമ്മതിക്കുമോ ? മുഖ്യമന്ത്രിയാണ് പറഞ്ഞത്. ശ്രീ. പിദംബരത്തിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രാവശ്യം അയച്ചു. പിന്നെ പ്രധാനമന്ത്രിക്ക് അയച്ചു. ഇവിടെ മുഖ്യമന്ത്രി അയച്ചപ്പോൾ ഞങ്ങളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞോ? നാലുവർഷക്കാലത്തെ 80,000 കോടി രൂപയുടെ കാര്യം മാത്രമല്ല അദ്ദേഹം പറഞ്ഞുള്ളൂ. ഞങ്ങളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞോ? അതുകൊണ്ട് ഞാൻ നിർദ്ദേശം വയ്ക്കുകയാണ്. ശ്രീ. വാസവനും മറ്റുള്ള ആളുകളുമൊക്കെ പറഞ്ഞത് ഞങ്ങളുടെ കാലത്തും ഇതുപോലെയുള്ള കുഴപ്പമുണ്ടായെന്നാണ്. ഞങ്ങൾ വാദത്തിനുവേണ്ടി അത് അംഗീകരിച്ചുകൊണ്ട് ഒരു നിർദ്ദേശം വയ്ക്കുന്നു. ഇന്നലെ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഈ സഭയുടെയും ഈ സംസ്ഥാനത്തെ ജനങ്ങളുടെയും വികാരം പ്രകടിപ്പിക്കുന്നതിനുവേണ്ടി നമുക്കൊരു പ്രമേയം കൊണ്ടുവരാം. ഞങ്ങൾ ചർച്ച കൂടാതെ ആ പ്രമേയത്തെ പിന്താങ്ങാം. സി.ബി.ഐ. അന്വേഷണം വേണം. അല്ലെങ്കിൽ എൻ.ഐ.എ. അന്വേഷണം വേണം. നിങ്ങൾ തയ്യാറാണോ? നിങ്ങൾ ഞങ്ങളുടെ അഞ്ചുകൊല്ലത്തേതുകൂടി കൂട്ടിക്കോളൂ? മുഖ്യമന്ത്രി ഒരു കത്തെഴുതിയല്ലോ. ഞങ്ങൾക്ക് അതിനെക്കുറിച്ച് തർക്കമൊന്നുമില്ല. ഈ 80,000 കോടി രൂപയുടെ അഴിമതി പ്രശ്നത്തിൽ ഈ മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയെ വിശ്വാസത്തിൽ എടുത്തിട്ടുണ്ടോ: ഇവിടെ റൂൾസ് ഓഫ് ബിസിനസ്സ് അനുസരിച്ച് ലോട്ടറി വകുപ്പ് ധനകാര്യ വകുപ്പുമന്ത്രിക്കാണ്. ഈ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ എന്ത് റോളാണുള്ളത്? മുഖ്യമന്ത്രി മുഴുവനും റിക്കവർ ചെയ്തില്ലേ? ഇനി എന്റെ ബഹുമാനപ്പെട്ട തോമസ് ഐസക്കേ അവിടെയിരിക്കരുത്. വലിയ കഷ്ടമാണ്. ശ്രീ. ഐസക്കിന്റെ ഈ മാനേജ്മെന്റ് ദൈവത്തെയോർത്ത് ഇനിയെങ്കിലും അവസാനിപ്പിക്കൂ. കാരണം മുഖ്യമന്ത്രി ഇത്രയേറെ അവിശ്വാസം രേഖപ്പെടുത്തിയ സാഹചര്യത്തിൽ നിങ്ങൾക്ക് അവിടെ ഇരിക്കാൻ യോഗ്യതയുണ്ടോ? ഞാൻ ആരോപണം ഉന്നയിക്കുകയല്ല. പാറായിപ്പുറമ്പിലെ കുടികിടപ്പുകാരന് ഇതിനെപ്പറ്റി പറയാൻ എന്ത് കാര്യമാണ്. അവിടെയിരിക്കൂ. പാറായിപ്പുറമ്പിലെ കുടികിടപ്പുകാരനാണ് പറയുന്നത്. അവിടെയിരിക്കൂ റഹിം. ഇവിടെ മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ അവിശ്വാസം രേഖപ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ മുഖ്യമന്ത്രിയെ ബോധ്യപ്പെടുത്തുവാൻ ഇവർക്കു സാധിക്കണം. ഇവർ അഴിമതിക്കെതിരായി ഒരുപാട് പ്രസംഗങ്ങൾ നടത്തി. 2 ജി. സ്പെക്ട്രം അഴിമതിയെക്കുറിച്ച് നിങ്ങൾ ആവർത്തിച്ചു പറഞ്ഞല്ലോ? 2 ജി. സ്പെക്ട്രം വിഷയത്തെ സംബന്ധിച്ച് എല്ലാവർക്കും അറിയാവുന്നതുപോലെ ഇതൊരു പ്രാരംഭ റിപ്പോർട്ടാണ്. എന്നിട്ടും മന്ത്രി മാജിവച്ചു. കേന്ദ്രത്തിലുണ്ടായ അഴിമതി ആരോപണങ്ങൾ വന്നപ്പോൾ എല്ലാവരെയും ഒഴിവാക്കി. ഡ്രാഫ്റ്റ് റിപ്പോർട്ട് വന്നപ്പോഴേക്കും എല്ലാവരെയും ഒഴിവാക്കി. നിങ്ങൾ ആ കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചത്? ശ്രീ. പിണറായി വിജയൻ എസ്.എൻ.സി. ലാവലിൻ കേസിൽ 374 കോടി രൂപയുടെ ആരോപണ വിധേയനായി നിൽക്കുകയാണ്. അതിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് അല്ല, ഫൈനൽ റിപ്പോർട്ട് വന്നു. സി.ബി.ഐ കേസെടുത്തു. സി.ബി.ഐ. കോടതിയിൽ വന്നു. പ്രോസിക്യൂഷൻ അനുമതി കൊടുത്ത ഗവർണർക്കെതിരായി നിങ്ങൾ സ്വീകരിച്ച നിലപാട് ഈ രാജ്യം കണ്ട ഏറ്റവും വലിയ ജനാധിപത്യ വിരുദ്ധ നിലപാടല്ലേ? സർക്കാരിന്റെ ചെലവിലല്ലേ ഇപ്പോൾ ഗവർണർക്ക് എതിരായി കേസ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ഒന്നും ചെയ്തതല്ല. നിങ്ങൾ സർക്കാരിന്റെ ചെലവിലല്ലേ ഗവർണർക്കെതിരായി കേസ് കൊടുത്തിട്ടുള്ളത്. ലാവലിൻ കേസ് നിയമ വഴികളിലൂടെ കടന്നു പോകണം. ശ്രീ. സി. കെ ചന്ദ്രപ്പൻ പറഞ്ഞതാണ്. ഞാൻ പറഞ്ഞതല്ല. ശ്രീ. സാജുവിന് അറിയാൻ പാടില്ലാത്ത കാര്യമാണ്. സാജു അവിടെയിരിക്കൂ. ശ്രീ. ചന്ദ്രപ്പന് സംസ്ഥാനത്തെ കാര്യങ്ങൾ അറിയില്ല എന്നാണ് പിണറായി വിജയൻ പറഞ്ഞത്. പക്ഷേ ഇപ്പോഴാണ് എനിക്ക് മനസ്സിലായത് ശ്രീ. ചന്ദ്രപ്പൻ ആകാശത്തുനിന്ന് പൊട്ടിവീണതാണെന്ന്. ശ്രീ. ചന്ദ്രപ്പൻ ഇത്രയുംകാലം ചന്ദ്രനിലായിരുന്നു. ശ്രീ. ചന്ദ്രപ്പന് കേരള സംസ്ഥാനത്തിന്റെ കാര്യങ്ങൾ അറിഞ്ഞുകൂടായെന്ന് പിണറായി പറയുകയാണ്. സി.പി.ഐ.-കാർക്ക് മറുപടി പറയാനുണ്ടെങ്കിൽ പറഞ്ഞോ ? പക്ഷേ ഞാൻ മറുപടി പ്രതീക്ഷിക്കുന്നില്ല. ഞങ്ങളുടെ നേരെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി വലിയ ആക്ഷേപങ്ങളൊക്കെ നടത്തും. പക്ഷേ ഈ കാര്യം വരുമ്പോൾ മിണ്ടില്ല. ലാവലിൻ കേസ്സ് നിയമവഴികളിലൂടെ കടന്നുപോയോ ? നിങ്ങൾ പറഞ്ഞു. രാഷ്ട്രീയമായി നേരിടും. എന്താണ് ? എസ്.എൻ.സി. ലാവലിൻ കേസ്സിൽ സി ആന്റ് എ.ജി.-യുടെ റിപ്പോർട്ട് വന്നപ്പോൾ ഗവർണർ പ്രോസിക്യൂഷൻ അനുമതി കൊടുത്തതിനെ നിങ്ങൾ എങ്ങനെയാണ് പ്രതികരിച്ചത് ? നിങ്ങൾ മുഷ്ടി ചുരുട്ടി കോടതിയേയും സി ആന്റ് എ.ജി.-യെ ഭയപ്പെടുത്തുവാനുള്ള ശ്രമമല്ലേ നടത്തിയത്.

ഇന്നലെ ശ്രീ. എ. കെ. ചന്ദ്രൻ ശ്രീ. പിണറായി വിജയനെ ശക്തമായി ന്യായീകരിക്കാൻ ശ്രമിച്ചു. കാരണം സെക്രട്ടേറിയറ്റിലേക്ക് തിരിച്ചുവരാൻ പറ്റുമോയെന്നുള്ള ശ്രമമാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കൂടെയായിരുന്നല്ലോ. പുറത്തായല്ലോ. 2-ജി സ്പെക്ട്രം കാര്യത്തിൽ പരാമർശം നടത്തിയ സി. ആന്റ് എ.ജി. തന്നെ എസ്.എൻ.സി. ലാവലിൻ കേസ്സിൽ ഒരു പരാമർശം നടത്തി. ഫൈനൽ റിപ്പോർട്ട് വന്നു. ആ കാര്യത്തിൽ നിങ്ങളുടെ നിലപാട് എന്താണ് എന്ന് ഞാൻ ചോദിച്ചു. ശ്രീ. പ്രകാശ് കാരാട്ട് പറഞ്ഞതിന് വിരുദ്ധമായി ശ്രീ. എ. കെ. ചന്ദ്രന് പറയാൻ പറ്റുകയില്ല. ശ്രീ. പ്രകാശ് കാരാട്ട് പറഞ്ഞത് രാഷ്ട്രീയപ്രേരിതം. 2-ജി സ്പെക്ട്രത്തിൽ അത് നിയമപരം, അഴിമതി. എസ്.എൻ.സി. ലാവലിൻ രാഷ്ട്രീയപ്രേരിതം. ഈ നാണംകെട്ട ഇരട്ടത്താപ്പ് സ്വീകരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയെ ശക്തമായി ജനങ്ങൾ കൈകാര്യം ചെയ്തില്ലേ ? മീര രാഡിയയുടെ ടേപ്പിൽ ആരാണ് ഒഴിവുള്ളത് ? മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയ്ക്കും റെപ്രസന്റേഷനുണ്ട്. ബംഗാൾ ഗവൺമെന്റിനും പ്രാതിനിധ്യമുണ്ട്. പേടിക്കേണ്ട. നിങ്ങൾക്കും പ്രാതിനിധ്യമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ബാബു അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. ബാബു : അവസാനിപ്പിക്കുകയാണ്. നിങ്ങൾ അഴിമതിക്കെതിരായി ഒരുപാട് പ്രസംഗം നടത്തുന്നുണ്ട്. സിബിഐ.-യുടെ അന്വേഷണം വേണമെന്നു പറഞ്ഞ് മുഖ്യമന്ത്രിയുടെ പ്രസ്താവന വന്നു. അതിനെക്കുറിച്ച് ശ്രീ. പിണറായി വിജയൻ പറഞ്ഞത് എന്താണെന്ന് അറിയാമോ ? ഇത് പാർട്ടി അറിഞ്ഞിട്ടില്ല. അപ്പോൾ ലോട്ടറിക്കേസ് അന്വേഷണം മുഖ്യമന്ത്രിയുടെ ആവശ്യം പാർട്ടി അറിയാതെ. അപ്പോൾ അഴിമതി കാര്യത്തിൽ എന്താണ് നിങ്ങളുടെ നിലപാട് ?

LIBRARY ARCHIVES Kerala Legislative Assembly

സി.ബി.ഐ.-ക്ക് എഴുതിയ മുഖ്യമന്ത്രിയുടെ നിലപാട് പാർട്ടി അറിഞ്ഞിട്ടില്ല. അപ്പോൾ പാർട്ടി അറിയാത്ത ഒരു നിലപാട് മുഖ്യമന്ത്രി സ്വീകരിച്ചെങ്കിൽ മാർക്സിസ്റ്റ് പാർട്ടി ഇനി ഭരണത്തിൽ തുടരുന്നതിൽ എന്താണ് അർത്ഥം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ബാബു അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കുക.

ശ്രീ. കെ. ബാബു: ഒന്നുകിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിങ്ങളുടെ നേതാവല്ലായെന്ന് പ്രഖ്യാപിക്കണം. അദ്ദേഹത്തെ പുറത്താക്കാൻ തയ്യാറാകണം. അതല്ലെങ്കിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് ശരിയാണെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് രാജിവച്ച് പോകണം. ഞാൻ നിർത്തുകയാണ്.

മലപ്പുറം മുനിസിപ്പൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ തോൽവിയുടെ പേരിൽ മാർക്സിസ്റ്റുകാർ ശിവദാസമേനോന്റെ വീടിനുനേരെ കല്ലെറിഞ്ഞു. ഈ നിയമസഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നിങ്ങളുടെ സഖാക്കൾ എ.കെ.ജി സെന്ററിനുനേരെ കല്ലെറിയുന്ന ദിവസങ്ങൾ അതിവിദൂരത്തല്ലായെന്ന് പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. മന്ത്രിമാർ ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. എത്ര ദിവസമുണ്ടെന്ന് അറിയാമോ ? ഇനിയാകെ 60 ദിവസമേയുള്ളൂ. അതുകൊണ്ട് ഒരുപാട് പ്രഖ്യാപനങ്ങൾ നടത്താൻ ഇനി കാത്തിരിക്കണ്ട. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ 64 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് സഭ ഇപ്പോൾ പരിഗണിക്കുന്നത്. ഒരു അടിസ്ഥാന കാര്യം, വളരെ പരിണതപ്രജ്ഞരായിട്ടുള്ള പ്രതിപക്ഷത്തുള്ളവരും വിട്ടുപോയിട്ടുണ്ട്. കൂടുതൽ എന്തെങ്കിലും ചെലവാക്കാൻവേണ്ടി പണം ചോദിക്കുന്നതല്ല. ഇത് മുഴുവൻ കണ്ടിജൻസി ഫണ്ടിൽനിന്നെടുത്ത് ചെലവാക്കിയത് റെഗുലറൈസ് ചെയ്യാനാണ്. .....(ബഹളം)..... നിങ്ങൾക്ക് ഇപ്പോൾ പണം അനുവദിച്ചാൽ ചെലവാക്കിക്കളയുമോ ; .....(ബഹളം)..... മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ഇനിയും പണം ബാക്കിയുണ്ടല്ലോ ഇനിയും 10 കോടി രൂപകൂടി വച്ചുകഴിഞ്ഞാൽ ചെലവാക്കിത്തീരുമെന്ന് ഉറപ്പ് എന്താണ് എന്നാണ് ശ്രീ. കെ. ബാബു പ്രസംഗിച്ച് നിർത്തിയത്..... (ബഹളം).....

ശ്രീ. കെ. ബാബു: മാർച്ച് 31-വരെ സമയമുണ്ട്. ഇവിടെ ഒരുഭാഗത്തുനിന്ന് സപ്ലൈർ വരുന്നുണ്ട്. അപ്പോൾ റീ-അപ്രോപ്രിയേഷന് ഇനിയും സമയമുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: ചട്ടപ്രകാരം കണ്ടിജൻസി ഫണ്ടിൽനിന്ന് പണം എടുത്തിട്ടുണ്ടെങ്കിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ എക്സംപ്ഷനില്ല. ഇത് നിയമസഭയിൽവച്ച് റെഗുലറൈസ് ചെയ്യണം. അത് എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് 50 കോടി രൂപയുടെ പ്രഖ്യാപനം നടത്തി. അത് 64.40 കോടി രൂപ രൂപയിലുള്ളതല്ല. അതിനെക്കുറിച്ചാണ് പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: അതിനെക്കുറിച്ചൊന്നുമല്ല പറഞ്ഞത്. പറഞ്ഞതൊക്കെ നമുക്ക് അറിയാം. പറയുന്നത് നിരന്തരമായി മാറ്റുന്നത് ശരിയല്ല. എന്നാൽ പറഞ്ഞ ഒരുകാര്യം പറയാം. ഇന്നലെ പ്രതിപക്ഷ നേതാവ് പറഞ്ഞു നിർത്തിയത്, നളിനി ചിദംബരം സാന്റിയാഗോ മാർട്ടിനുവേണ്ടി വാദിക്കാൻ വന്നില്ലായെന്നാണ് പറഞ്ഞത്. അവിടെത്തന്നെ ഉറച്ചുനിൽക്കുന്നുവെന്നും. അപ്പോൾ ഞാൻ പറഞ്ഞു അങ്ങനെയല്ല. ഏതായാലും സഭാരേഖകളിൽ നോക്കിയിട്ട് പറയാം. ഞാൻ വായിക്കാം-പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങ് സഭയിൽ ഒരുകാര്യം പറയുമ്പോൾ അതിന്റെ സത്യമായിട്ടുള്ള വശങ്ങൾകൂടി മനസ്സിലാക്കണം. 2004-ലാണ് ശ്രീ. പി. ചിദംബരം ധനകാര്യ വകുപ്പുമന്ത്രിയായത്. 2008-ലാണ് അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയാകുന്നത്. 2004-ൽ അദ്ദേഹം കേന്ദ്രമന്ത്രിയായതിനു ശേഷം ശ്രീമതി നളിനി ചിദംബരം ഈ കേസ്സിന് വന്നിട്ടേയില്ല. ..... (ബഹളം)..... ഇവിടെ സാന്റിയാഗോ മാർട്ടിനുമായി കേസ്സേ ഉണ്ടായിട്ടില്ലെന്ന്. ഇവിടെയുണ്ടായിരിക്കുന്ന കേസ്സുകൾ മുഴുവൻ ബാലാജി ഏജൻസീസ്. ജോൺറോസ്, കെന്നഡി ഇവരൊക്കെയായിട്ടുള്ള കേസ്സുകളല്ലാതെ സാന്റിയാഗോ മാർട്ടിനുമായിട്ടുള്ള കേസ് കേരളത്തിലെന്നാണ് നടന്നിട്ടുള്ളത്. ഈ കേസ്സിന് വന്നിട്ടില്ലെന്നാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. അപ്പോൾ വീണിടത്ത് കിടന്ന് ഉരുളണ്ട. വളരെ ഉറപ്പിച്ച് തറപ്പിച്ച് പറഞ്ഞ വേറൊരു കാര്യം ഞാൻ പറയാം. എന്തുകൊണ്ട് നികുതി പിരിച്ചില്ലായെന്ന് ഇന്നലെ അങ്ങ് പറഞ്ഞു. കോടതിയുടെ സ്റ്റേ ഉണ്ടായിരുന്നു. കോമ്പൗണ്ടിംഗ് ഫോർമുല പ്രകാരം 5,000 കോടി രൂപയുടെ നോട്ടീസ് കൊടുത്തു. നറുക്കെടുപ്പൊന്നിന് 20,000 രൂപയും വച്ചു. ഓരോ ഔട്ട്‌ലെറ്റും പ്രത്യേക കേന്ദ്രങ്ങളായി നിശ്ചയിച്ച് അവിടുത്തെ ഓരോ നറുക്കെടുപ്പിനും ഈ തുകവച്ച് കൂട്ടിയപ്പോൾ 5,000 കോടി രൂപ വന്നു. അവർ കോടതിയിൽപോയി എന്നുള്ളത് ശരിയാണ്. കോടതിയിൽ പോയപ്പോൾ ഇത് ഡിമാന്റ് നോട്ടീസല്ല, പ്രീ-അസസ്മെന്റ് നോട്ടീസാണെന്ന് അന്നത്തെ കമ്മീഷണർ പറഞ്ഞു. അപ്പോൾ നിങ്ങൾ ക്ലാരിഫിക്കേഷൻ നടത്തണമെന്ന് കോടതി അദ്ദേഹത്തോട് പറഞ്ഞു. അങ്ങനെ കമ്മീഷണർ ക്ലാരിഫിക്കേഷൻ നടത്തി. ഒന്നുകിൽ ഈ രീതിയിൽ കോമ്പൗണ്ടിംഗ്, അല്ലെങ്കിൽ വിറ്റുവരവിൽ നിന്ന് പ്രൈസ് മണി മാറ്റിവച്ച് ബാക്കിയുള്ളതിന്റെ എട്ടുശതമാനം. 80,000 രൂപ ഇല്ലെങ്കിലും ഈ തുകവച്ചാണെങ്കിൽ 40,000 രൂപയുണ്ടല്ലോ. 50 ശതമാനം പ്രൈസ് മണി മാറ്റിയാലും 20,000 രൂപയുണ്ടല്ലോ. 20,000 രൂപയുടെ എട്ടുശതമാനം 1,600 രൂപയുണ്ടോ? എന്തുകൊണ്ടാണ് നിങ്ങൾ രണ്ടുവർഷം ഭരിച്ചിട്ടും ഒരു അസസ്മെന്റ് നോട്ടീസുപോലും കൊടുക്കാത്തത്?

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് അത് പറയുമല്ലോ. എന്തുകൊണ്ടാണ് അങ്ങ് ചെയ്യാതിരുന്നത്; കോടതിയുടെ ഓർഡർ എന്നാണ് വന്നത്?

ഡോ. ടി. എം. തോമസ് ഐസക്: കോടതിയുടെ ഉത്തരവ് വന്നത് ഞങ്ങൾ ഭരണത്തിലേറിയതിന് തൊട്ടുമുമ്പ് ഏപ്രിൽ മാസത്തിലാണ്. നിങ്ങളുടെ ഭരണകാലത്ത് അത്തരത്തിലുള്ള കോടതിവിധി ഉണ്ടായിരുന്നില്ല. ഒരു തടസ്സവും ഉണ്ടായിരുന്നില്ല. ക്ലാരിഫിക്കേഷൻ കൊടുക്കാൻ ഹൈക്കോടതി പറഞ്ഞു. ക്ലാരിഫിക്കേഷൻ കൊടുത്തു. നിശ്ചയമായും കോമ്പൗണ്ടിംഗിൽ പോകുകയില്ല. വലിയ തുക വരും. കോമ്പൗണ്ടിംഗിൽ പോയില്ലെങ്കിലും വിസ്തൃതമാനത്തിൽ നിന്ന് പ്രൈസ് മണി കഴിച്ച് എട്ടുശതമാനം നികുതി ചുമത്താമെന്ന് നിങ്ങൾതന്നെ ക്ലാരിഫിക്കേഷൻ കൊടുത്തു. എന്തുകൊണ്ട് നിങ്ങൾ രണ്ടുവർഷം ഒരിച്ചിട്ടും ഒരു ഡിമാന്റ് നോട്ടീസുപോലും ലോട്ടറി മാഫിയയ്ക്ക് കൊടുത്തില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: അസെസ്മെന്റ് കാലത്ത് അസെസ്മെന്റ് നടത്തി കഴിഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: അപ്പോൾ കാര്യങ്ങളുടെ കിടപ്പ് എന്താണ് മനസ്സിലായി. ഇന്നലെ ഈ ഡിബേറ്റിൽ അങ്ങ് പറഞ്ഞത് കോടതിയുടെ സ്റ്റേയുണ്ടായിരുന്നതുകൊണ്ട് കൊടുത്തില്ലായെന്നാണ്. ഒരു സ്റ്റേയും ഉണ്ടായിരുന്നില്ല. നിങ്ങൾ ചെയ്തില്ല. സുപ്രീം കോടതി എന്തുപറഞ്ഞുവെന്നുള്ളത് നിൽക്കട്ടെ. കോടതിയലക്ഷ്യത്തിന് സുപ്രീം കോടതി കേസ്സെടുക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു? 544 കേസ് രജിസ്റ്റർ ചെയ്തു. അവർ സുപ്രീം കോടതിയിൽപ്പോയി. കോടതി ഇനി ഫർതർ ആക്ഷൻസ് പാടില്ലായെന്ന് പറഞ്ഞു. ഇതിന്റെ അർത്ഥമെന്താണെന്ന് കേരള സർക്കാർ ക്ലാരിഫിക്കേഷൻ ചോദിച്ചു. അർത്ഥമെന്താണെന്ന് കോടതി കൃത്യമായി പറഞ്ഞു. എന്നിട്ടും എന്തിനാണ് ശ്രീ. ഉമ്മൻ ചാണ്ടി 14 കേസ് പിന്നെ കൂടുതലായി രജിസ്റ്റർ ചെയ്തത്. അതല്ലേ കോടതിയലക്ഷ്യമാക്കിയത്. ആ കോടതിയലക്ഷ്യം വന്നപ്പോൾ കോടതി ജയിലിൽ പോകണമോയെന്ന് ചോദിച്ചുകാണും. പക്ഷേ പണ്ടത്തെ എല്ലാ കേസ്സും പിൻവലിക്കാൻ കോടതി പറഞ്ഞില്ല. നിങ്ങൾ മേലിൽ കേസ്സെടുക്കില്ലായെന്ന് പറയണമെന്ന് കോടതി ആവശ്യപ്പെട്ടപ്പോൾ ഇതുവരെ എടുത്ത മുഴുവൻ കേസ്സും പിൻവലിക്കുന്നു, ഇനി കേസ്സെടുക്കില്ലായെന്ന അഫിഡവിറ്റാണ് ഉണ്ടാക്കിക്കൊടുത്തത് എന്ന കാര്യം അറിയാമോ? .....(ബഹളം)..... ഹോർമിസ് തരകൻ മാറി പുതിയ ഡി.ജി.പി. ചാർജ്ജ് എടുത്തപ്പോൾ അങ്ങേക്ക് കത്തെഴുതി. ഇത് കേട്ടുകേൾവിയില്ലാത്ത കാര്യമാണ്. ഇങ്ങനെയാണോ ഒരു അഫിഡവിറ്റ് നൽകുന്നത്. അതുകൊണ്ട് ഈ അഫിഡവിറ്റ് തിരുത്തുന്നതിനുവേണ്ടിയുള്ള നിയമനടപടികൾ എടുക്കണമെന്ന് അങ്ങേക്ക് കത്തെഴുതിയിട്ട് എന്തെങ്കിലും നടപടി നിങ്ങളുടെ കാലത്ത് എടുത്തോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇങ്ങനെ പറഞ്ഞുപോയിട്ട് കാര്യമില്ല. .....(ബഹളം)..... ഞങ്ങളുടെ കാലത്ത് ലോട്ടറി നിർത്തലാക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ലോട്ടറികൂടി നിർത്തിയാൽ പറ്റുകയുള്ളുവെന്ന് ബോധ്യപ്പെട്ടപ്പോൾ അതുൾപ്പെടെയുള്ള നടപടി സ്വീകരിച്ചുകൊണ്ടാണ് ഇവരെ നിലയ്ക്കുനിർത്തിയത്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഈ നാലരവർഷക്കാലം എത്ര കേസ്സെടുത്തു ; എത്ര രൂപ അവരുടെ കയ്യിൽനിന്ന് ഈടാക്കി ? ഇപ്പോൾ ഒരു ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ ദിവസവും 52 കോടി രൂപവരെ വിറ്റുകൊണ്ടിരുന്ന സാന്റിയാഗോ മാർട്ടിന്റെ ഒറ്റടിക്കറ്റുപോലും ഇന്ന് കേരളത്തിൽ വിൽക്കുന്നില്ലല്ലോ. എന്തുകൊണ്ടാണ് ഇതുവരെ നടപടി എടുക്കാതിരുന്നത്? എന്നിട്ട് അത് മറച്ചു വെയ്ക്കാൻവേണ്ടി ഏതോ കത്തയച്ചിട്ട് ആക്ഷൻ എടുത്തിട്ടില്ല എന്ന് പറയുകയാണ്. എനിക്ക് ആ കത്തിന്റെ കോപ്പിയൊന്ന് കാണിച്ചുതരണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, പ്രതിപക്ഷ നേതാവ് ചോദിച്ച ചോദ്യത്തിന് ഒരു ചോദ്യംകൂടി ഞാൻ ചോദിച്ചിട്ട് മറുപടി പറയാം. അങ്ങ് മുഖ്യമന്ത്രിയായതിനുശേഷം ഈ ഇടപാടുകളെ സംബന്ധിച്ച് സി.ബി.ഐ. എൻക്വയറി വേണമെന്ന് പറഞ്ഞ് റസ്സൽ ജോയി എന്നുപറയുന്ന വക്കീൽ കോടതിയിൽ കേസ് കൊടുത്തു. നിങ്ങൾ രണ്ടുവർഷമിരുന്നിട്ടും ഇതാണ് കേരള സർക്കാരിന്റെ നിലാപാടെന്നു പറഞ്ഞ് കോടതിയിൽ എന്തെങ്കിലും അഫിഡവിറ്റ് നൽകിയോ ?

ശ്രീ. ഉമ്മൻ ചാണ്ടി : അന്ന് സി.ബി.ഐ. എൻക്വയറിയുടെ ആവശ്യമില്ല. കാരണം ഞങ്ങൾ .....(ബഹളം)..... 544 കേസ്സെടുത്തിട്ട് പിന്നെ 14 കേസ്സുകൂടി എടുത്തത് കൂടിപ്പോയി എന്നാണ് അങ്ങ് പറഞ്ഞത്. ഞങ്ങൾ ഇവർക്കെതിരെ റെയിഡ് നടത്തി. ലോട്ടറി മാഫിയയുടെ എത്ര ഓഫീസ്സുകൾ സീൽ ചെയ്തുവെന്ന് അങ്ങേക്ക് അറിയാമോ? സാന്റിയാഗോ മാർട്ടിനെ കേരളത്തിന്റെ അതിർത്തിക്കു പുറത്ത് നിർത്തത്തക്ക വിധത്തിൽ ഞങ്ങൾ ശക്തമായ നടപടിയെടുത്തു. അന്ന് നിങ്ങളുപോലും ആ കാര്യങ്ങളെക്കുറിച്ച് പറഞ്ഞിരുന്നില്ല. ഞങ്ങൾ കേസ് കൂടുതലെടുത്തതാണ് കുഴപ്പമെന്ന് ഇപ്പോൾ മന്ത്രിതന്നെ ഇവിടെ പറഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക് : ഞാൻ പറഞ്ഞത് അങ്ങനെയല്ല. 544 കേസ്സിനെതിരെ സുപ്രീം കോടതിയിൽ അവർപോയി. ഇവിടെ നിർത്തു, ഇനി എടുക്കരുതെന്ന് കോടതി പറഞ്ഞു. ക്ലാരിഫിക്കേഷന് ഇതുതന്നെയാണ് അർത്ഥം. കോടതി പിന്നേയും പറഞ്ഞു ഇതുതന്നെയാണ് ഞങ്ങൾ പറഞ്ഞതിന് അർത്ഥം. എന്നിട്ട് നിങ്ങൾ 14 കേസ്സെടുത്ത് കൂടിപോകാനല്ല. അത് ഈ 544 കേസ്സും പിൻവലിക്കുന്നതിനു വേണ്ടിയുള്ള ഗൂഢാലോചനയായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : ഇവിടെ ഏത് നിയമലംഘനം കണ്ടാലും അതിനെതിരെ നടപടിയെടുക്കാൻ സംസ്ഥാന ഗവൺമെന്റിന് ബാധ്യതയുണ്ട്. അതനുസരിച്ച് എടുത്തു. കോടതി ഗവൺമെന്റിന്റെ വാദം കേൾക്കാതെ വന്നപ്പോൾ ഗവൺമെന്റിന് ചെയ്യാവുന്ന അറ്റകയ്യും ഞങ്ങൾ എടുത്തു. സാന്റിയാഗോ മാർട്ടിനെ കേരളത്തിന്റെ മണ്ണിൽ ഞങ്ങൾ കാലുകുത്തിച്ചിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക് : ഇപ്പോൾ ഞങ്ങൾക്ക് മനസ്സിലായി. ടാക്സ് ഓൺ പ്രൈസ് ലോട്ടറീസ് നിയമം പാസ്സാക്കി. ആ നിയമപ്രകാരം സാന്റിയാഗോ മാർട്ടിന് കേരളത്തിൽ ലോട്ടറി വിൽക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ടോ ; ഈ ഓർഡിനൻസിനുള്ള വകുപ്പ് അവിടെ ചേർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് ചേർക്കാതിരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: എന്താണെന്നു ചോദിച്ചാൽ അവർ ഇങ്ങോട്ട് വന്നില്ലല്ലോ. വരാൻ പറ്റിയില്ലല്ലോ. .....(ബഹളം)..... സാന്റിയാഗോ മാർട്ടിന്റെ എത്ര ടിക്കറ്റ് വിറ്റുവെന്ന് അങ്ങേക്ക് അറിയാമോ? ഓൺലൈൻ ലോട്ടറി ഞങ്ങൾ നിർത്തി, ഒറ്റനമ്പർ ലോട്ടറി നിർത്തി. അതുകഴിഞ്ഞ് പേപ്പർ ലോട്ടറി നിയമം കൊണ്ടുവന്ന് ടാക്സ് കൂട്ടിവച്ചു. ഇവിടെ നിയമലംഘനം അനുവദിക്കില്ലായെന്ന് വന്നപ്പോൾ സാന്റിയാഗോ മാർട്ടിൻ ടിക്കറ്റുമായി ഇങ്ങോട്ടുവന്നില്ല. ഞങ്ങൾ പുറത്തുനിർത്തി.

ഡോ. ടി. എം. തോമസ് ഐസക്: സാന്റിയാഗോ മാർട്ടിന്റെ മേഘ ഡിസ്ട്രിബ്യൂട്ടേഴ്സിന് അങ്ങയുടെതന്നെകാലത്താണ് കേരളത്തിൽ ലോട്ടറി വിൽക്കാൻ രജിസ്ട്രേഷൻ കൊടുത്തത്. എന്നിട്ട് വന്നില്ലായെന്ന്, എന്തുംവന്ന് പറയാമെന്നാണോ ധരിച്ചിരിക്കുന്നത്. അദ്ദേഹം ചോദിച്ച ഒരു ചോദ്യത്തിനുകൂടി മറുപടി പറയാം. ഈ നാലാം വകുപ്പ് ഇവർ ലംഘിക്കുന്നുണ്ടെന്ന് സിബി മാത്യുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായി തെളിഞ്ഞു കഴിഞ്ഞതിനാൽ ആ റിപ്പോർട്ടിലെ ഓരോ ആരോപണവുമെടുത്ത് എണ്ണിപ്പറഞ്ഞ് ഇവരുടെ രജിസ്ട്രേഷൻ കാൻസൽ ചെയ്യാനുള്ള നോട്ടീസ് കൊടുത്തു. ഈ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് നിങ്ങളുടെ അഡീഷണൽ സോളിസിറ്റർ ജനറൽ ഡൽഹിയിൽ നിന്ന് വാദിച്ചു. നികുതി കോടതിയിൽ കെട്ടിവയ്ക്കാൻ കേരള ഹൈക്കോടതി പറഞ്ഞതുകൊണ്ട് കെട്ടിവച്ചു, വാങ്ങിച്ചു. എപ്പോഴൊക്കെ നിയമലംഘനമുണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ നടപടിയെടുക്കാൻ പോയിട്ടുണ്ട്. കോടതിയിൽ കേസ് നടന്നിട്ടുണ്ട്. ഇപ്പോൾ ഇത്തരത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ഓർഡിനൻസ് കൊണ്ടുവരുന്നതിനുമുമ്പ് ഡിവിഷൻ ബഞ്ചിൽ കേസ് നടന്നു. ഒന്നരമാസം കേസ്സിന്റെ വിധി പറയുന്നതിന് വിചാരണയ്ക്കു വേണ്ടി മാറ്റിവച്ചു. നിങ്ങൾക്ക് ലോട്ടറി പറ്റില്ലായെന്ന് അവസാനം ഡിവിഷൻ ബഞ്ച് പറഞ്ഞു. അതുകൊണ്ട് നികുതി വാങ്ങിക്കണം. ആ ഘട്ടത്തിലാണ് ഇത് നിയമത്തിൽ ചേർക്കാൻ ഓർഡിനൻസ് കൊണ്ടുവന്നത്. ആ ഓർഡിനൻസിന്റെ പേരുപറഞ്ഞ് നികുതി വാങ്ങിയിട്ടില്ല. അതിന്റെ വാദം നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ വിധി വരട്ടെ. സർക്കാരിന് എന്തൊക്കെ നിയമപരമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ പറ്റുമോ ആ നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ 2004-ലെ വെട്ടിപ്പിനെക്കുറിച്ച് സാമാന്യം വളരെ സമഗ്രമായ ഒരു റിപ്പോർട്ടുണ്ടാക്കി. അതാണ് സിബി മാത്യു റിപ്പോർട്ടിൽ ഏതാനും വർഷം കഴിഞ്ഞിട്ടുള്ള പുതിയ തെളിവുവച്ചതല്ലാതെ പുതിയ ഒരു ആരോപണവുമില്ല. 2004-ൽ പറഞ്ഞതു തന്നെയാണ്. അന്ന് ആ റിപ്പോർട്ട് അയച്ചുകൊടുത്തു. അഞ്ച് മണ്ട കത്ത് എഴുതി. അപ്പോൾ ഈ സർക്കാർ വന്നു. സിബി മാത്യുവിന്റെ റിപ്പോർട്ട് അയച്ചുകൊടുത്തു. നിങ്ങൾ സംയുക്തമായി മെമ്മോറാണ്ടം കൊടുത്തു. മുഖ്യമന്ത്രി രണ്ടുപ്രാവശ്യം കത്തെഴുതി. ധനകാര്യ വകുപ്പുമന്ത്രിയായ ഞാൻപോയി അവിടുത്തെ ആഭ്യന്തര വകുപ്പുമന്ത്രിയെക്കണ്ട് സംസാരിച്ചു. 2004 മുതൽ കേരള സംസ്ഥാനം കേന്ദ്ര സർക്കാരിന് നിരന്തരമായി പരാതി കൊടുക്കുകയും കത്തയയ്ക്കുകയും ചെയ്തിട്ട് കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ മുഴുവൻ ജനങ്ങളെയും വെട്ടിച്ചുകൊണ്ടിരിക്കുന്ന ഈ മാഫിയ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കെതിരായി ഒരു നടപടിയും സ്വീകരിക്കാതെ കേന്ദ്ര സർക്കാരാണ് ഈ ലോട്ടറി മാഫിയയ്ക്ക് അഴിഞ്ഞാടുന്നതിന് മുഴുവൻ സൗകര്യവും കൊടുത്തു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 15 വർഷക്കാലത്തിനിടയിൽ കേന്ദ്ര ലോട്ടറി നിയമം വന്നതിനുശേഷം ഇന്ത്യയിൽ നടത്തിയിട്ടുള്ള വെട്ടിപ്പിന് യു.ഡി.എഫ്-ന്റെ ഒരു എം. പി. നേതൃത്വം നൽകിയതും, ഡി.എം.കെ.യുടെ സന്തതസഹചാരി മാർട്ടിൻ കൂടെനിന്നതിന്റെയെല്ലാം കണക്കെടുത്താൽ ഈ 2-ജി സ്പെക്ട്രം അഴിമതി ഒന്നുമാകുകയില്ല. അത്രയ്ക്ക് ഭീകരമായിട്ടുള്ള കൊള്ള നടത്തിയിട്ടുള്ളവർ ഇവിടെവന്ന് പറഞ്ഞ് തീർക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി. നിങ്ങളുടെ ഇസ്തിരിയിട്ട ഈ ഖദർ ചിരിയുണ്ടല്ലോ അത് നമുക്കറിയാം. അത്ര വിലയേ അതിനുള്ളൂ. .....(ബഹളം)..... അതുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് ചെയ്യേണ്ട എല്ലാ കാര്യവും ചെയ്തുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അങ്ങ് അങ്ങയുടെ മുഖ്യമന്ത്രിയെക്കൂടി ബോധ്യപ്പെടുത്തണം. .....(ബഹളം)..... അദ്ദേഹം എഴുതിയ കത്ത് എന്താണെന്ന് അറിയാമോ ? കഴിഞ്ഞ നാലുവർഷക്കാലമായി 80,000 കോടി രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയെന്നാണ്. അദ്ദേഹം 2004 മുതലുള്ള കഥയൊന്നും പറഞ്ഞിട്ടില്ല. കാരണം 2004 മുതൽ ഇങ്ങോട്ടുള്ള കാലഘട്ടത്തിൽ ആ ഗവൺമെന്റ് ചെയ്യേണ്ടതെല്ലാം ചെയ്തുവെന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹം എഴുതിയത് നാലുവർഷമായി ലോട്ടറിയുടെ ഏജന്റായിട്ട് കേന്ദ്രം പ്രവർത്തിച്ചു എന്നാണ്. ശ്രീ. പി. ചിദംബരത്തിനെ അഭിനന്ദിച്ചുകൊണ്ടാണ് കത്ത് എഴുതിയിരിക്കുന്നത്. അങ്ങ് ഈ കാര്യങ്ങൾ ഇവിടെ പറയുന്നതിനുമുമ്പ് സ്വന്തം മുഖ്യമന്ത്രിയെക്കൂടി ബോധ്യപ്പെടുത്തണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്ക്) : സർ, 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly